പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം - 451 23.03.2010-ൽ മറുപടിയ്ക്ക്

## നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുരളി പെരുനെല്ലി:<br>ശ്രീ.സി.കെ.പി.പത്മനാഭൻ:<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ:<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.കെ.സി.രാജഗോപാലൻ | ശ്രീ.സി.ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) അരിയുടെയും മറ്റ് നിത്യോപയോഗ സാധന ങ്ങളുടെയും ലഭ്യത ഉറപ്പ് വരുത്താൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) ശാസ്ത്രീയമായ ഇൻവെൻററി മാനേജ്മെൻറ് സംവിധാനം നടപ്പാക്കുകവഴി എല്ലാ വിൽപ്പനശാലകളിലും ആവശ്യത്തിനുള്ള സ്റ്റോക്ക് ഉണ്ടെന്ന് ഉറപ്പുവരുത്തി, ഇൻഡൻറിംഗ് സംവിധാനം പരിഷ്കരിക്കുകവഴി ഓരോ വിൽപ്പനശാലയിലേയ്ക്കും ആവശ്യമുള്ള സാധനങ്ങളുടെ അളവ് കഴിഞ്ഞ മൂന്ന് മാസത്തെ ശരാശരി വിൽപ്പന, ലീഡ് ടൈം കൺസംപ്ഷൻ പാറ്റേൺ, ഉപഭോക്താക്കളുടെ ആവശ്യകത എന്നിവയുടെ അടിസ്ഥാനത്തിൽ ചിട്ടപ്പെടുത്തി വാങ്ങുകയും വിതരണശാലകളിൽ എത്തിക്കുകയും ചെയ്തു. അതുവഴി ലഭ്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനു പുറമേ ഹെഡോഫീസ് തലത്തിൽ ഒരു സ്റ്റോക്ക് മോണിട്ടറിംഗ് സെൽ പ്രവർത്തിപ്പിക്കുകയും ദിനംപ്രതി വിൽപ്പശാലകളിലുള്ള സ്റ്റോക്ക് നിലവാരം (on random basis) അവലോകനം ചെയ്യുകയും ചെയ്യുന്നു. പരിശോധന സംവിധാനം ശക്തിപ്പെടുത്തുകയും വിൽപ്പനശാലകളിലെ |

സ്റ്റോക്ക്, ഗുണനിലവാരം തുടങ്ങിയവ പരിശോധനകൾക്ക് വിധേയമാക്കുകയും ചെയ്യുന്നു. ഇത്തരം പ്രവർത്തനങ്ങളി ലൂടെ അഴിമതിരഹിതമായ അന്തരീക്ഷം സൃഷ്ടിച്ച് അവശ്യസാധനങ്ങളുടെ ലഭ്യത, ഗുണം, വിലനിലവാരം എന്നിവ ഉറപ്പാക്കുന്നു. **സപ്ളോകോയിൽ എല്ലായ്പോഴും രണ്ടുമാസത്തെ സ്റ്റോക്ക് ഉറപ്പുവരുത്തുന്നു.**

| | |
|---|---|
| **(ബി) ഭക്ഷ്യധാന്യങ്ങളുടെ വിതരണവുമായി ബന്ധപ്പെട്ട് ഏതെല്ലാം സർക്കാരുകളും ഏജൻസികളുമായി കോർപ്പറേഷൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്;** | **(ബി) യും (സി) യും ഈ-ടെണ്ടർ മുഖേനയും, Multi Commodity Exchange, National Commodity and Derivative Exchange എന്നീ മാർഗ്ഗങ്ങൾ മുഖേനയും പി.ഇ.സി ഏജൻസി മുഖേനയുമാണ്** നിത്യോപയോഗ സാധനങ്ങൾ സുതാര്യമായി **വാങ്ങുന്നത്.** |
| **(സി) പ്രസ്തുത കരാർ നടപടികൾ സുതാര്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എങ്കിൽ വ്യക്തമാക്കുമോ;** | |
| **(ഡി) മുൻ സർക്കാരിന്റെ കാലത്ത് സപ്ളൈകോയിൽ നടന്ന അഴിമതി സംബന്ധിച്ച അന്വേഷണ നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം** വെളിപ്പെടുത്തുമോ ? | (ഡി) **ജസ്റ്റീസ് മുരളീധരൻ കമ്മീഷൻ** ശുപാർശപ്രകാരം **സപ്ളൈകോയിൽ** നടന്ന **അഴിമതികളെക്കുറിച്ച് അന്വേഷണം** നടത്താൻ സംസ്ഥാന **സർക്കാർ** സി.ബി.ഐ യോട് **ആവശ്യപ്പെട്ടു. തുടർന്നു** സംസ്ഥാന **സർക്കാർ നിർദ്ദേശിക്കപ്പെട്ട മൊത്തം 20 കേസ്സുകളിൽ 6** എണ്ണം സി.ബി. ഐ.ഏറ്റെടുക്കുകയും മറ്റു **കേസ്സുകൾ** സംസ്ഥാന സർക്കാരിന്റെ **അന്വേഷണത്തിൽ** വിടുകയും ചെയ്തു. സി.ബി. |

[illegible] കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി സപ്ളൈകോയുടെ മുൻ സി.എം.ഡി ഒന്നാം പ്രതിയാക്കി കുറ്റപത്രം നല്കി. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.എന്നാൽ സി.ബി.ഐ. അന്വേഷണം നടത്തിയ മറ്റു രണ്ടു കേസ്സുകളിൽ തൃപ്തികരമല്ലാത്തതിനാൽ കൂടുതൽ അന്വേഷണം നടത്തണമെന്ന സപ്ളൈകോയുടെ ആവശ്യം ബഹു.ഹൈക്കോടതിയിൽ പരിഗണനയിലാണ്.

സപ്ലൈകോയിൽ നടന്ന അഴിമതികളുമായി ബന്ധപ്പെട്ട് സി.ബി.ഐ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയ 6 കേസുകളുടെ വിശദാംശങ്ങൾ **അനുബന്ധം (1) ആയി** ചേർക്കുന്നു. കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ജീവനക്കാർക്കെതിരെ നിലവിൽ 58 വിജിലൻസ് കേസുകൾ ഉള്ളതായി ഡയറക്ടർ, വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോ അറിയിച്ചിട്ടുണ്ട്. വിജിലൻസ് ഡയറക്ടറേറ്റിൽനിന്നും നൽകിയ കേസ് ലിസ്റ്റിൻെറ പകർപ്പ് **അനുബന്ധം II** ഉള്ളടക്കം ചെയ്യുന്നു. ടി ലിസ്റ്റിലെ 12 കേസുകൾ സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ടവയാണ്.

[signature]
സെക്ഷൻ ആഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

**പന്ത്രണ്ടാം കേരള നിയമസഭ**
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : *452 — 23.03.2010 -ൽ മറുപടിയ്ക്ക്

## വനമേഖലയിൽ ഔഷധ സസ്യങ്ങളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ<br>ശ്രീമതി. ജെ.അരുന്ധതി<br>ശ്രീ. പി.കൃഷ്ണപ്രസാദ്<br>ശ്രീ. കെ.സി.കുഞ്ഞിരാമൻ<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വനമേഖലയിലെ ഔഷധസസ്യങ്ങളുടെ സംരക്ഷണത്തിനും സംവർദ്ധനത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ; | (എ) (1) ഔഷധഗുണമുള്ള വൃക്ഷങ്ങൾ തേക്കു തോട്ടങ്ങളിൽ അടിവിളയായി വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി<br>(2) കേരളത്തിലെ ഔഷധഗുണമുള്ള പ്രധാന വൃക്ഷയിനങ്ങൾ നട്ടുവളർത്തുന്നതിനുള്ള പദ്ധതി<br>(3) ഔഷധസസ്യകൃഷി വികസിപ്പിക്കൽ പദ്ധതി |
| (ബി) പാലോട് തുടക്കമിട്ട ഔഷധവനം പദ്ധതി മറ്റു ജില്ലകളിലേക്കു കൂടി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) സ്വീകരിച്ചിട്ടുണ്ട്. |
| (സി) ഔഷധസസ്യങ്ങളുടെ ശേഖരണത്തിനും വിപണനത്തിനും നടപടി സ്വീകരിക്കുമോ; | (സി) സ്വീകരിച്ചു വരുന്നു. |
| (ഡി) ഔഷധസസ്യതോട്ടങ്ങളുടെ സംരക്ഷണത്തിനും പരിപോഷണത്തിനും ആദിവാസികളുടെ സഹകരണം തേടുമോ, ഔഷധസസ്യങ്ങളുടെ തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ഔഷധസസ്യത്തോട്ടങ്ങളുടെ സംരക്ഷണത്തിനും പരിപോഷണത്തിനും ആദിവാസികളുടെ സഹകരണം ഇപ്പോൾത്തന്നെ ലഭിക്കുന്നുണ്ട്. ഔഷധസസ്യങ്ങളുടെ തൈകൾ വനംവകുപ്പ് ഉൽപാദിപ്പിച്ച് വിതരണം ചെയ്തു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ.**

# പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 453** 23-03-2010 - **ൽ മറുപടിക്ക്**

## സംസ്ഥാനത്ത് പ്രത്യേക സിവിൽ സർവ്വീസ് രൂപീകരണം

ചോദ്യം

**ശ്രീ. സി. എച്ച് കുഞ്ഞമ്പു**
**ശ്രീ. അൽഫോൺസ് കണ്ണന്താനം**
**ശ്രീ. സി.എം. ദിനേശ് മണി**
**ശ്രീ. കെ.കെ. ദിവാകരൻ**
**ശ്രീ. എം. ജെ. ജേക്കബ്**

ഉത്തരം

**ശ്രീ. വി.എസ്. അച്യുതാനന്ദൻ**
**മുഖ്യമന്ത്രി**

**(എ)** സർക്കാർ ഓഫീസുകളിൽ നിന്നും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

**(എ)** സുതാര്യമായ ഭരണ നിർവ്വഹണത്തിലൂടെ അഴിമതി രഹിതവും കാര്യക്ഷമവുമായ സിവിൽ സർവ്വീസ് കെട്ടിപ്പടുക്കുക എന്നതാണ് സർക്കാരിന്റെ നയം. അത് നടപ്പാക്കുന്നതിന് വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. 3-ാം ഭരണ പരിഷ്ക്കാര കമ്മിറ്റിയുടെ ശുപാർശകളിൽ മിക്കവയും നടപ്പാക്കി വരുന്നു. അതനുസരിച്ച് പൗരാവകാശ പത്രിക പ്രസിദ്ധീകരിക്കൽ, വിവരങ്ങൾ അറിയുവാനുള്ള അവകാശം, പരാതി പരിഹാര സംവിധാനം, അന്വേഷണ കൗണ്ടറുകളുടെ രൂപീകരണം, അധികാര വികേന്ദ്രീകരണം, ഹാജർനില നിരീക്ഷിക്കൽ, കമ്പ്യൂട്ടർ വൽക്കരണം തുടങ്ങിയവ ഇതിൽപെടും. പൊതുജനങ്ങൾ അധികമായി ബന്ധപ്പെടുന്ന വകുപ്പുകളിൽ നിലവിലിരി

ക്കുന്ന കോഡുകളും ആക്ടുകളും പരിഷ്കരി
ക്കുന്നതി നും പ്രസിദ്ധീകരിക്കുന്നതിനും നട
പടി സ്വീകരിച്ചിട്ടുണ്ട്. ഭരണം
കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന്
ഉറപ്പുവരുത്തുന്ന തിനായി ഗവൺ മെന്റ്
ഓഫീസുകളിൽ ഇൻസ്പെക്ഷൻ നടത്തു
ന്നുമുണ്ട്. സെക്രട്ടേറിയേറ്റിലെ ഭരണ
നിർവ്വഹണത്തിലെ കാര്യക്ഷമത
വർദ്ധിപ്പിക്കുന്നതിനും കാലതാമസം
ഒഴിവാക്കുന്നതിനുമായി നടപടി സ്വീകരിച്ചി
ട്ടുണ്ട്. പൊതുജന സൗകര്യത്തിനായി സെക്ര
ട്ടറിയേറ്റിലെ പ്രധാന മൂന്നു കവാടങ്ങളിൽ
സന്ദർശക സഹായക കേന്ദ്രങ്ങൾ ആരംഭി
ച്ചിട്ടുണ്ട്. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പു
കളിലും ഫയൽ ട്രാക്കിംഗ് സംവിധാനമായ
**IDEAS** ഫലപ്രദമായി നടപ്പിലാക്കി
വരുന്നു. ഫയലുകൾ കമ്പ്യൂട്ടർ വഴി
പ്രോസസ് ചെയ്യുന്നതിനുള്ള ഇലക്ട്രോണിക്
ഫയൽ പ്രോസസിംഗ് സംവിധാനം പ്രാരംഭ
ഘട്ടത്തിൽ സെക്രട്ടേറിയറ്റിലെ ഏഴ് വകുപ്പു
കളിൽ നടപ്പിലാക്കുവാൻ സർക്കാർ തീരുമാ
നിച്ചിട്ടുണ്ട്. വിവര സാങ്കേതികവിദ്യാ വകു
പ്പിൽ ഇതിന്റെ ട്രയൽ റൺ ആരംഭിച്ചു കഴി
ഞ്ഞു. താമസിയാതെ മറ്റ് വകുപ്പുകളിലും
ഈ സംവിധാനം ഏർപ്പെടുത്തുന്നതാണ്.

ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ കർമ്മശേഷി വർദ്ധിപ്പിക്കുന്നതിനായി സ്റ്റേറ്റ് ട്രെയിനിംഗ് പോളിസി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. അതിന്റെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്ന സ്ഥാപനത്തിൽ ജീവനക്കാർക്ക് വിവിധ പരിശീലനങ്ങൾ നൽകുന്നുണ്ട്. സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അവയിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടി സെക്രട്ടേറിയേറ്റിലും തെരഞ്ഞെടുക്കപ്പെട്ട വകുപ്പുകളിലും നടപ്പിലാക്കി വരുന്ന ഒരു ഉദ്യമമാണ് സേവന പ്രദാന നയം. ഇതിന്റെ ഭാഗമായി എട്ടു വകുപ്പുകൾ തങ്ങളുടെ വകുപ്പുതല സേവന പ്രദാന തന്ത്രങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് അന്തിമ രൂപം നൽകിക്കഴിഞ്ഞിട്ടുണ്ട്.

**(ബി)** ഇതുമായി ബന്ധപ്പെട്ട് സർവ്വീസ് സംഘടനകളുടെ യോഗം വിളിച്ച് കൂട്ടിയിട്ടുണ്ടോ;

**(ബി)** ഇതുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും അംഗീകൃത സർവ്വീസ് സംഘടനാ പ്രതിനിധികളുടെ ഒരു യോഗം 24-9-2007 ൽ നടത്തുകയുണ്ടായി.

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് പ്രത്യേക സിവിൽ സർവ്വീസ് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (സി) | പ്രത്യേക സിവിൽ സർവ്വീസ് രൂപീകരിക്കുന്നതിന് വിശദമായ ചർച്ചയും പരിശോധനയും ആവശ്യമായതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്നാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. |
| (ഡി) | പുതുതായി സർവ്വീസിൽ വരുന്നവർക്ക് ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ഡി) | 2009 ന് ശേഷം നിയമനം ലഭിച്ചിട്ടുള്ള സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്, എൽ.ഡി ക്ലർക്ക് എന്നീ വിഭാഗക്കാർക്ക് ആരംഭത്തിൽ 18 ദിവസം നീളുന്ന ഇൻഡക്ഷൻ ട്രെയിനിംഗ് പ്രോഗ്രാം നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഐ.എം.ജി യുടെ ആസ്ഥാനമായ തിരുവനന്തപുരത്തും കൊച്ചി, കോഴിക്കോട് എന്നീ പ്രാദേശിക കേന്ദ്രങ്ങളിലുമാണ് പരിശീലന പരിപാടികൾ നടത്തിക്കൊണ്ടിരിക്കുന്നത്. |
| (ഇ) | പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നവർക്കുള്ള ഇൻഡക്ഷൻ ട്രെയിനിംഗിനായി ആവിഷ്കരിച്ചിട്ടുള്ള പാഠ്യപദ്ധതിയുടെ വിശദാംശം നൽകുമോ? | (ഇ) | ഇൻഡക്ഷൻ ട്രയിനിംഗിനായുള്ള പാഠ്യപദ്ധതിയിൽ ഓഫീസ് മാന്വലുകൾ, റൂൾസ് ഓഫ് ബിസിനസ്, സർവ്വീസ് റൂൾസ്, കോണ്ടക്ട് റൂൾസ്, അച്ചടക്ക നടപടികൾ, കോടതി നടപടികൾ, നിയമസഭാ |

നടപടികൾ, ബഡ്ജറ്റിംഗ്, വിവിധ ധന വിനിയോഗ കോഡുകൾ, വിവരാവകാശ നിയമം, കംപ്യൂട്ടർ ട്രയിനിംഗ്, ഇ-ഗവേർണൻസ്, മീഡിയ മാനേജ്മെന്റ്, പൗരാവകാശ രേഖ, ആഡിറ്റിംഗ് തുടങ്ങിയവ ഉൾപ്പെടുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ.*454** 23.03.2010-ൽ മറുപടിയ്ക്ക്

### ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പദ്ധതികൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.യു.സി.രാമൻ<br>ശ്രീ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഏറ്റെടുത്തു നടത്തിയ പരിപാടികളെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) മിനറൽ ടെക്നോളജി ഡെവലപ്മെന്റ്, നാനോ ടെക്നോളജി എന്നീ മേഖലകളിൽ പുതിയ ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | ബി) ഇതു സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : *455 — 23.03.2010 -ൽ മറുപടിയ്ക്ക്

## പങ്കാളിത്ത വനപരിപാലന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ. ജോർജ് എം. തോമസ് | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

(എ) പങ്കാളിത്ത വനപരിപാലന പദ്ധതി കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(എ) വനത്തിനുള്ളിലും വനത്തോടു ചേർന്നുള്ള പ്രദേശങ്ങളിലുമുള്ള പരമാവധി കുടുംബങ്ങളെയും പങ്കാളിത്ത വനപരിപാലനത്തിൻ കീഴിൽകൊണ്ടുവരാൻ നടപടി സ്വീകരിച്ചു. വനത്തെ ജീവസന്ധാരണത്തിന് പ്രത്യക്ഷമായി ആശ്രയിക്കുന്ന ആദിവാസികൾ ഉൾപ്പെടെയുള്ളവർ, സ്ത്രീകൾ എന്നീ വിഭാഗങ്ങൾക്ക് വനസംരക്ഷണ സമിതികളിലും, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളിലും അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്ന വിധത്തിൽ പങ്കാളിത്ത വനപരിപാലന മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ച് നടപ്പിൽ വരുത്തി. വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ സൂക്ഷ്മാസൂത്രണരേഖകൾ സമഗ്രമായി പരിഷ്ക്കരിച്ചു. സമിതികളുടെ സാമ്പത്തിക കാര്യങ്ങൾ സുതാര്യമാക്കുന്നതിനായി ഓഡിറ്റിംഗ് ശക്തിപ്പെടുത്തി. ഭരണ സമിതികളിൽ സമയബന്ധിതമായി തെരഞ്ഞെടുപ്പുകൾ പൂർത്തിയാക്കി. സമിതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തി. ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ സമിതി അംഗങ്ങളുടെ പങ്കാളിത്തം കൂടുതൽ ഉറപ്പാക്കാനും കൂടുതൽ തൊഴിലവസരങ്ങൾ നൽകാനും നടപടിയെടുത്തു.

(ബി) പദ്ധതിയുടെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) ദേശീയ വനവല്ക്കരണ പദ്ധതിയിൻ കീഴിലുള്ള വനവല്ക്കരണ പ്രവർത്തനങ്ങൾ, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളുൾപ്പെടെയുള്ള വനസംരക്ഷണ പ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണത്തിനും ജീവനോപാധി സംവർദ്ധനത്തിനും ഊന്നൽ നൽകുന്ന ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ, ചെറുകിട വനവിഭവങ്ങളുടെ മൂല്യവർദ്ധനവും വിപണനവും, സുസ്ഥിര ഗ്രാമവികസനത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നീ പ്രവർത്തനങ്ങൾ പങ്കാളിത്ത വനപരിപാലനത്തിൻ കീഴിൽ നടപ്പാക്കുന്നു.

| | | | |
|---|---|---|---|
| (സി) | എത്ര വനസംരക്ഷണ സമിതികൾ പദ്ധതിയിൽ പങ്കാളികളായിട്ടുണ്ട്; | (സി) | 412 വനസംരക്ഷണ സമിതികളും 193 ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും ഉൾപ്പെടെ 605 സമിതികൾ പദ്ധതിയിൽ പങ്കാളികളായിട്ടുണ്ട്. |
| (ഡി) | പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കുന്ന സഹായങ്ങൾ വ്യക്തമാക്കുമോ; | (ഡി) | ദേശീയ വനവല്ക്കരണ പദ്ധതി, ദേശീയ ഔഷധസസ്യബോർഡിന്റെ പദ്ധതി, ദേശീയ ബാംബൂ മിഷന്റെ പദ്ധതി, ദേശീയ തൊഴിലുറപ്പു പദ്ധതി എന്നീ കേന്ദ്ര പദ്ധതികളിൽ നിന്നുള്ള സഹായങ്ങൾ പങ്കാളിത്ത വനപരിപാലനത്തിനായി ലഭിക്കുന്നുണ്ട്. |
| (ഇ) | വനാശ്രിത സമൂഹങ്ങളുടെ ഉന്നമനത്തിനായി മറ്റ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ? | (ഇ) | വി.എസ്.എസ്/ഇ.ഡി.സി. എന്നിവകളുടെ കൂട്ടായ്മയായ വനവികാസ ഏജൻസികളുടെ ഫെഡറേഷനായി സംസ്ഥാന വനവികാസ ഏജൻസി സ്ഥാപിക്കുവാൻ നടപടിയെടുത്തു വരുന്നു. കൂടാതെ ചെറുകിട വനവിഭവങ്ങളുടെ ശേഖരണം, സംസ്കരണം, മൂല്യവർദ്ധന, വിപണനം എന്നിവ മെച്ചപ്പെടുത്തി കൂടുതൽ തൊഴിലവസരവും വരുമാനവും ലഭ്യമാക്കുന്നതിനായി 'വനശ്രീസെൽ' രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന ഊരുകളിലെ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ചുമതല വനവികാസ ഏജൻസികളെ ഏല്പിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ.**

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 456

23.03.2010ൽ മറുപടിക്ക്

ഐ.ടി. മേഖലയിലെ മാനവശേഷി വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ടി. ജലീൽ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. പ്രൊഫ: സി. രവീന്ദ്രനാഥ്<br>ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. എ.എം. യൂസഫ് | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഐ.ടി. മേഖല വികസിക്കുന്നതനുസരിച്ച് ഈ രംഗത്ത് മാനവശേഷി വർദ്ധിപ്പിക്കുന്നതിനായി ഐ.ടി. വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;<br><br>(ബി) ഐ.ടി. മേഖലയിൽ കൂടുതൽ പേർക്ക് പരിശീലനം നൽകുന്നതിനായി ഐ.ടി. മിഷൻ എന്തെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;<br><br>(സി) ഐ.ടി. മിഷൻ ഇപ്പോൾ എത്ര പരിശീലന കേന്ദ്രങ്ങൾ നടത്തുന്നുണ്ട്; | (എ) (ബി) & (സി) ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br>➢ ഐ.ടി.യിലും അനുബന്ധ മേഖലയിലും ഉള്ള MTech, PhD വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയായ Special Post Graduate Education Expansion Drive in IT (SPEED IT) നടപ്പിലാക്കി.<br>➢ സ്വതന്ത്ര സോഫ്റ്റ്‌വെയറിൽ പ്രാവീണ്യം നൽകുന്നതിനായി Centre for Advanced Training for Free & Open Source Software (CATFOSS) നിലവിൽ വന്നു.<br>➢ IMG യും IIITM-K ഉം സംയുക്തമായി ഇ-ഗവേണൻസ് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സ് ആരംഭിച്ചു.<br>➢ ഐ.ടി/ഐ.ടി ഇതര മേഖലകളിൽ തൊഴിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനായി ICT അക്കാഡമി തിരുവനന്തപുരത്ത് പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.<br>➢ സ്വതന്ത്ര സോഫ്റ്റ്‌വെയറിനു വേണ്ടി ഒരു അന്താരാഷ്ട്ര കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.<br>➢ IHRD- യുമായി ചേർന്ന് തിരുവനന്തപുരത്ത് ഒരു മോഡൽ ഫിനിഷിംഗ് സ്കൂൾ പ്രവർത്തനമാരംഭിച്ചു. കൊച്ചിയിൽ ഇതിന്റെ പണി നടന്നു കൊണ്ടിരിക്കുന്നു.<br>➢ സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ പ്രാധാന്യത്തെക്കുറിച്ച് കോളജ് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുന്നതിനായി FOSTER പദ്ധതിക്ക് അംഗീകാരം നൽകി.<br>➢ IIITM-K യിൽ മൂന്ന് അക്രഡിറ്റഡ് കോഴ്സുകൾ ആരംഭിച്ചു. |

- ഒരു സ്വതന്ത്ര കാമ്പസിനു വേണ്ടി IIITM-Kയ്ക്ക് സ്ഥലം നൽകി. ഇതിനുള്ള കെട്ടിടം പണി തുടങ്ങിക്കഴിഞ്ഞു.
- ഐ.ടി/ഐ.ടി ഇതര മേഖലകളിൽ ഉണ്ടാകാനിടയുള്ള തൊഴിലവസരങ്ങൾ മുന്നിൽ കണ്ട് അതിലേക്ക് വനിതകളെ പ്രാപ്തരാക്കുന്നതിനായി തിരുവനന്തപുരം ഗവൺമെന്റ് വിമൻസ് കോളജ്, കൃഷ്ണമേനോൻ മെമ്മോറിയൽ ഗവൺമെന്റ് വിമൻസ് കോളജ്, കണ്ണൂർ എന്നിവിടങ്ങളിൽ സ്കിൽ എൻഹാൻസ്മെന്റ് ട്രെയിനിംഗ് നൽകുന്നു.
- സർക്കാർ ഉദ്യോഗസ്ഥർക്ക് SPARK, Content Management Framework, FOSS, "Redhat" സോഫ്റ്റ് വെയർ എന്നീ പദ്ധതികളിൽ ആവശ്യമായ ട്രെയിനിംഗ് നൽകുന്നു.
- ഇ-ഗവേണൻസ്/സൈബർ സെക്യൂരിറ്റി രംഗങ്ങളിൽ ഹ്രസ്വകാല ട്രെയിനിംഗ് ഐ.എം.ജിയുടെ ട്രെയിനിംഗ് കലണ്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- സാമൂഹികമായും സാമ്പത്തികമായും പിൻനിരയിലുള്ള വനിതകളെ ഐ.ടി. മേഖലയിൽ പ്രാപ്തരാക്കുന്നതിനായി ഒരു ട്രെയിനിംഗ് പ്രോഗ്രാം പൂവ്വാർ മേഖലയിൽ ആരംഭിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) ഐ.ടി. അക്കാദമി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ; | (ഡി) ഐ.സി.റ്റി അക്കാഡമി സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അക്കാഡമി സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (ഇ) ടെക്നോ പാർക്കിൽ പ്രവർത്തിക്കുന്ന ഐ.ഐ.ഐ.ടി.എം-കേരള ഏതെല്ലാം കോഴ്സുകളാണ് നടത്തുന്നത്; ഈ കോഴ്സുകൾക്ക് എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടുകൂടി മാസ്റ്റർ ഓഫ് സയൻസ് (ഐ.ടി), എംഫിൽ (ഇക്കോ ഇൻഫോമാർറ്റിക്സ്) എന്നീ കോഴ്സുകളും, സംസ്ഥാന ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ അംഗീകാരത്തോടെ പോസ്റ്റ്ഗ്രാജേറ്റ് ഡിപ്ലോമ ഇൻ ഇ- ഗവേണൻസ് എന്ന കോഴ്സും നടത്തി വരുന്നു. ഈ കോഴ്സുകൾക്ക് എ.ഐ.സി.റ്റി.ഇ. അംഗീകാരം ആവശ്യമില്ല. എന്നാൽ 2010-2011ലേക്ക് ആരംഭിക്കാനിരിക്കുന്ന എം.ടെക് (കമ്പ്യൂട്ടർ സയൻസ് ഡേറ്റാ സെക്യൂരിറ്റി) എന്ന കോഴ്സിന് എ.ഐ.സി.റ്റി.ഇ അംഗീകാരത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 457        23-03-2010 ന് മറുപടിക്ക്

**വനാതിർത്തികളുടെ സർവ്വെ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. ഡി. ദേവസ്സി:<br>" ജോർജ്ജ് എം. തോമസ്.<br>" പി. കൃഷ്ണ പ്രസാദ്:<br>" കെ.കെ. ജയചന്ദ്രൻ:<br>ശ്രീമതി ജെ. അരുന്ധതി: | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വനാതിർത്തികളുടെ സർവ്വെ നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ വനഭൂമിയുടെ സർവെ നടത്തി അതിർത്തി നിർണ്ണയിക്കുന്നതിന് മാത്രമായി അസിസ്റ്റന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു ഫോറസ്റ്റ് മിനിസർവെ യൂണിറ്റ് കോഴിക്കോട് പ്രവർത്തിക്കുന്നുണ്ട്. വനാതിർത്തി നിർണ്ണയിക്കുന്നതിന് പ്ലാൻ, നോൺ പ്ലാൻ പദ്ധതികളിൽ ഉൾപ്പെടുത്തി 185 ലക്ഷം രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. വനാതിർത്തി നിർണ്ണയിക്കുന്നതിലേക്കായി മൂന്ന് ടോട്ടൽ സ്റ്റേഷൻ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം എന്ന ഉപകരണത്തിന്റെ സേവനവും ഇക്കാര്യത്തിനായി ഉപയോഗിച്ചുവരുന്നു. |

-----------2

| | |
|---|---|
| (ബി) എല്ലാ വനങ്ങളുടെയും സർവ്വെ പൂർത്തിയാക്കി ഭൂപടം തയ്യാറാക്കി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) ഇപ്പോൾ ഏതെല്ലാം വനങ്ങളുടെ സർവ്വേ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; | (സി) ഇപ്പോൾ നടത്തിവരുന്ന സർവെ ജോലികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br>1. നോർത്ത് വയനാട് ഡിവിഷനിലെ ബ്രഹ്മഗിരി എസ്റ്റേറ്റിലെ പി.ഒ.ബി ലാന്റ് സർവെ.<br>2. സൈലന്റ്‌വാലി ഡിവിഷൻ, മണ്ണാർക്കാട് -സൈലന്റ്‌വാലി കരുതൽ മേഖല അതിർത്തി പുനർനിർണ്ണയം.<br>3. പാലക്കാട് ഡിവിഷനിലെ അയ്യർമല സർവെ.<br>4. കണ്ണൂർ ഡിവിഷനിലെ എൻ.എ പ്ലാന്റേഷൻ-ഇക്കോളജിക്കൽ ഫ്രജയിൽ ലാന്റ്സ് ആന്റ് വെസ്റ്റഡ് ഫോറസ്റ്റ് സർവെ.<br>5. നോർത്ത് വയനാട് ഡിവിഷനിലെ വട്ടോളി എസ്റ്റേറ്റ് സർവെ. |
| (ഡി) വനാതിർത്തികൾ സംരക്ഷിക്കുന്നതിനായി കഴിഞ്ഞ വർഷം എത്ര ജണ്ടകൾ നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു; എത്രയെണ്ണം പൂർത്തിയായി; | (ഡി) വനാതിർത്തികൾ സംരക്ഷിക്കുന്നതിനായി 2008-09 വർഷം 8000 ജണ്ടകൾ നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. അതിൽ 7484 ജണ്ടകൾ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ഇ) കേടായ ജണ്ടകളുടെ പുനരുദ്ധാരണത്തിന് നടപടി സ്വീകരിക്കുമോ? | (ഇ) കേടായ ജണ്ടകളുടെ പുനരുദ്ധാരണത്തിന് നടപടി സ്വീകരിക്കുന്നുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.458** 23-3-2010-ന് മറുപടിക്ക്

**സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾക്ക് സ്റ്റാർ പദവി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.അബ്ദുറബ്ബ്<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.സി.ടി.അഹമ്മദ് അലി | ശ്രീ.വി.എസ്.അച്യുതാനന്ദൻ,<br>( മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾക്ക് സ്റ്റാർ പദവി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; | എ) | ഉണ്ട്. ശുചിത്വ രംഗത്തെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ഏറ്റവും മികച്ചത് (3 സ്റ്റാർ), മികച്ചത് ( 2 സ്റ്റാർ), തൃപ്തികരം (1 സ്റ്റാർ) എന്നിങ്ങനെ ലേബൽ ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| ബി) | എങ്കിൽ എന്തെല്ലാം മാനദണ്ഡങ്ങൾ പരിഗണിച്ചാണ് സ്റ്റാർ പദവി നൽകുന്നത്; | ബി) | താഴെ പറയുന്ന മാനദണ്ഡങ്ങൾ പരിഗണിച്ചാണ് സ്റ്റാർ പദവി നൽകുന്നത്:<br>1. ആഫീസിന്റെയും പരിസരത്തിന്റെയും ശുചിത്വപാലനം.<br>2. വെള്ളം കെട്ടിനിൽക്കാത്തതും വൃത്തിയുള്ളതുമായ ഓഫീസ് പരിസരം<br>3. ജീവനക്കാർക്കും പൊതുജനങ്ങൾക്കും ടോയ്‌ലറ്റ് സൗകര്യം ഏർപ്പെടുത്തൽ.<br>4. ഖര-ദ്രവമാലിന്യ സംസ്കരണത്തിന് സംവിധാനമൊരുക്കൽ.<br>5. കുടിവെള്ള സൗകര്യം ഉറപ്പാക്കൽ.<br>6. ഓഫീസ് റിക്കോർഡുകൾ വൃത്തിയോടെ സൂക്ഷിക്കൽ<br>7. ഓഫീസിന്റെ പേരും സ്ഥലനാമവും പ്രദർശിപ്പിക്കുന്ന ആകർഷകമായ ബോർഡുകൾ സ്ഥാപിക്കൽ<br>8. ഒരു ചെറു പൂന്തോട്ടത്തിന്റെ/ പച്ചക്കറിത്തോട്ടത്തിന്റെ പരിപാലനം |

.......... 2/

| | | | |
|---|---|---|---|
| സി) | ഇതിന്റെ നടപടിക്രമങ്ങൾ വിശദീകരിക്കുമോ; | സി) | ഓഫീസ് ശുചിത്വ കാമ്പയിന്റെ ഭാഗമായി സർക്കാർ സ്ഥാപനങ്ങൾ സ്ഥാപനതല ശുചിത്വ കർമ്മ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കർമ്മപരിപാടികളുടെ നിർവ്വഹണം മാർച്ച് ആദ്യവാരത്തോടെ പൂർത്തീകരിച്ച ഓഫിസുകൾക്കാണ് ലേബലിംഗിനുള്ള യോഗ്യത. ഇതിനായുള്ള നടപടിക്രമങ്ങൾ താഴെപ്പറയും പ്രകാരമാണ്:<br>1. അതത് ഓഫീസുകളിലെ ശുചിത്വ സൗകര്യങ്ങളുടെ സ്വയംവിലയിരുത്തലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അപേക്ഷ സമർപ്പിക്കലും.<br>2. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സാങ്കേതിക പരിശോധന (സോഷ്യൽ ഓഡിറ്റിംഗ്).<br>3. താലൂക്ക്-ജില്ല-സംസ്ഥാന തലത്തിൽ സാങ്കേതിക പരിശോധന.<br>4. ജില്ല-സംസ്ഥാന തല അവാർഡ് നിർണ്ണയ സമിതി ഗ്രേഡിംഗും അവാർഡും നിർണ്ണയിക്കൽ. |
| ഡി) | രാജ്യത്ത് മറ്റേതെങ്കിലും സംസ്ഥാനങ്ങളിൽ സർക്കാർ ആഫീസുകൾക്ക് സ്റ്റാർ പദവി നിലവിലുണ്ടോ; വിശദാംശം നൽകുമോ? | ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 459

23.3.2010 ൽ
മറുപടിയ്ക്ക്

സംസ്ഥാനത്തെ ഐ.ടി. വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ. ലതിക ;<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ ;<br>ശ്രീ. പി. ജയരാജൻ ;<br>ശ്രീ. എ.സി. മൊയ്തീൻ ;<br>ശ്രീ. എ. പ്രദീപ് കുമാർ ; | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |

എ) കേരളത്തെ ഒരു ഐ.ടി. ഡസ്റ്റിനേഷനാക്കി ഉയർത്തിക്കാട്ടുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

എ) വിവര സാങ്കേതിക വിദ്യാ വ്യവസായത്തിന്റെ വളർച്ചക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുവരുന്നു. ഇതിനുവേണ്ടി **KSITIL** എന്ന പേരിൽ ഒരു കമ്പനി തന്നെ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്പനിയും ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നിവയും ചേർന്ന് ഇതിലേക്കാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നു. കേരളത്തിലുള്ള എല്ലാ ഐ.ടി. പാർക്കുകളുടെയും ഏകീകൃതമായ ഒരു ബ്രാൻഡ് നെയിം ആയ **Kerala IT** ആവിഷ്കരിക്കുകയും വെബ്സൈറ്റിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ഐ.ടി. മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി രാജ്യത്തിനകത്തും പുറത്തുമുള്ള ഐ.ടി. സ്ഥാപനങ്ങളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനു വേണ്ടിയുള്ള ചർച്ചകൾ, പരസ്യങ്ങൾ, പ്രദർശനങ്ങൾ മുതലായവ നടത്തിക്കൊണ്ടിരിക്കുന്നു. വർഷംതോറും ജർമ്മനിയിൽ നടക്കുന്ന **CeBIT**, ദുബായിൽ നടക്കുന്ന **GITEX** എന്നീ ഐ.ടി. പ്രദർശന മേളകളിൽ കേരളവും സ്ഥിരമായി പങ്കെടുത്തു വരുന്നുണ്ട്. ഈ പ്രദർശന മേളകളിലെ പങ്കാളിത്തം രാജ്യാന്തര ഐ.ടി. സംരംഭകരുമായി കേരളത്തിലെ ഐ.ടി. മേഖലയിലെ വികസന സാധ്യതകൾ ചർച്ച ചെയ്യുവാനും അവരെ കേരളത്തിലേക്ക് ക്ഷണിക്കുവാനും സഹായകരമായിട്ടുണ്ട്.

ബി) ഐ.ടി. രംഗത്ത് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടന്നുവരുന്നത് ;

ബി) സംസ്ഥാനത്തെ ഐ.ടി. രംഗത്ത് നിരവധി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതികളെ കുറിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

| | | | |
|---|---|---|---|
| സി) | ഐ.ടി. വികസനത്തിനായി അടുത്ത വർഷത്തേക്ക് എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | സി) | ഐ.ടി. വികസനത്തിനായി 2010 11 വർഷത്തേക്ക് 152.80 കോടി രൂപ പ്ളാനിലും 10.7499 കോടി രൂപ നോൺ പ്ളാനിലും വകയിരുത്തിയിട്ടുണ്ട് ഇതിന് പുറമെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇൻഫോപാർക്കിന് 50 കോടി രൂപ വകയിരുത്തുന്നുവെന്ന് പറഞ്ഞിട്ടുണ്ട്. |
| ഡി) | കോഴിക്കോട് സൈബർ പാർക്കിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ; | ഡി) | മലബാർ പ്രദേശത്ത് ഐ.ടി. വികസനത്തിനായി ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവയുടെ മാതൃകയിൽ സൈബർപാർക്ക് എന്ന പേരിൽ ഒരു സൊസൈറ്റി 28.1.2009 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടന്നുവരുന്നു സൈബർപാർക്കിന് വേണ്ടി കോഴിക്കോട് ജില്ലയിൽ പന്തീരങ്കാവ് നെല്ലിക്കോട് വില്ലേജുകളിൽപ്പെട്ട 43 ഏക്കർ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. ഏകദേശം 8 ഏക്കറോളം സ്ഥലം ഏറ്റെടുത്തു കഴിഞ്ഞു. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ജലവിതരണം, വൈദ്യുതീകരണം എന്നീ പണികൾ നടന്നുവരുന്നു. |
| ഇ) | കേന്ദ്ര സഹായത്തോടെ ഐ.സി.ടി. അക്കാദമി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ? | ഇ) | കേന്ദ്ര സഹായത്തോടെ തിരുവനന്തപുരത്ത് 14 കോടി രൂപ ചെലവിൽ ഐ.സി.ടി. അക്കാദമി ആരംഭിക്കുവാൻ ഭരണാനുമതി നല്കിയിട്ടുണ്ട്. KSITIL ന് 26% ഓഹരി പങ്കാളിത്തത്തോടെ PPP മോഡലിൽ ഐ.ടി. കമ്പനികളെയും ഉയർന്ന നിലവാരം പുലർത്തുന്ന ട്രെയിനിംഗ് സ്ഥാപനങ്ങളെയും പങ്കാളികളാക്കി പ്രസ്തുത സ്ഥാപനം രൂപീകരിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ

നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 460

23.3.2010 ൽ
മറുപടിയ്ക്ക്

## സപ്ളൈകോ വഴി ലഭ്യമാക്കുന്ന സാധനങ്ങൾ

ചോദ്യം
ശ്രീ. രാജാജി മാത്യു തോമസ് ;
ശ്രീ.എൻ.രാജൻ ;
ശ്രീ.കെ.രാജു ;
ശ്രീ.പള്ളിപ്രം ബാലൻ ;
ശ്രീ. കെ. അജിത് ;

ഉത്തരം
ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ളൈസും
മൃഗസംരക്ഷണവും വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | കഴിഞ്ഞ മൂന്നു വർഷമായി വിലവർദ്ധനവില്ലാതെ സപ്ളൈകോ വഴി എന്തെല്ലാം സാധനങ്ങൾ ലഭ്യമാക്കുന്നുണ്ടെന്നറിയിക്കുമോ ; | എ) | കഴിഞ്ഞ മൂന്നു വർഷമായി പ്രത്യേകിച്ച് സെപ്തംബർ 2006 മുതൽ ചെറുപയർ, ഉഴുന്ന്, കടല, വൻപയർ, പീസ്പരിപ്പ്, മുളക്, ജീരകം, കടുക്, ഉലുവ എന്നീ സാധനങ്ങൾ വിലവർദ്ധനവില്ലാതെ സപ്ളൈകോ വഴി വിതരണം നടത്തുന്നു. വൻകടല, തുവരപ്പരിപ്പ്, മല്ലി തുടങ്ങിയ ഇനങ്ങളുടെ വില മാത്രമാണ് നേരിയ തോതിൽ വർദ്ധിപ്പിച്ചിട്ടുള്ളത്. എന്നാൽ 14 രൂപയ്ക്കും 13.50 രൂപയ്ക്കും നൽകിയിരുന്ന പുഴുക്കലരിയും പച്ചരിയും ഇപ്പോൾ കിലോയ്ക്ക് 13 രൂപ നിരക്കിൽ വില കുറച്ചാണ് വിതരണം ചെയ്യുന്നത്. കൂടാതെ, ഈ കാലയളവിൽ ചെറുപയർ, ഉഴുന്ന്, കടുക്, എന്നിവയുടെ വില വീണ്ടും കുറച്ചിട്ടുണ്ട്. |
| ബി) | നിത്യോപയോഗ സാധനങ്ങൾക്ക് വിലകുറച്ച് വിൽക്കുന്നതു വഴി പ്രതിവർഷം എത്ര രൂപയുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ; | ബി) | ഈ സാമ്പത്തിക വർഷത്തിൽ ഉപഭോക്താക്കൾക്ക് 370 കോടി രൂപയുടെ ആനുകൂല്യമാണ് ലഭിക്കുന്നത്. |
| സി) | സപ്ളൈകോയുടെ പ്രവർത്തനത്തെ മന്ദീഭവിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | സി) | ഗുണനിലവാരം, 70 ശതമാനത്തോളം കുറവിൽ വിലനിലവാരം, ആധുനികവൽക്കരണം, ഉപഭോക്താക്കളുടെ വിശ്വാസം, അഴിമതിരഹിതം തുടങ്ങിയ അതിശക്തമായ പ്രതിരോധം സൃഷ്ടിച്ചുകൊണ്ടും വർഷം പ്രതി വിറ്റുവരവിൽ റിക്കോർഡ് സൃഷ്ടിച്ചുകൊണ്ടും ലക്ഷക്കണക്കിന് ഉപഭോക്താക്കളെ ആകർഷിച്ചും കുത്തകകളുമായി മത്സരിച്ചും പുരോഗതി കൈവരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: * 461

23.3.2010 - ൽ മറുപടിയ്ക്ക്

## കേന്ദ്ര പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ: എം.മുരളി<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |

എ) ഈ ഗവൺമെൻറ് നിലവിൽ വന്ന ശേഷം ഏതെല്ലാം കേന്ദ്ര പദ്ധതികൾ സംസ്ഥാനത്തിനു ലഭിച്ചു;

ബി) ഈ ഓരോ പദ്ധതിയുടെയും തുക എത്ര വീതമായിരുന്നു;

എ) ബി) പദ്ധതികളുടെ വിശദവിവരങ്ങളും തുകയുടെ കണക്കും മേശപ്പുറത്തു വയ്ക്കുന്നു.

സി) ഈ പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കിയോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

ഡി) ഈ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥയെന്ത് എന്ന് വ്യക്തമാക്കുമോ?

സി) ഡി) വിവരം ശേഖരിച്ചു വരുന്നു.

**ജോയിന്റ് ഡയറക്ടർ**

(അനക്സർ ലൈബ്രറിയിലുണ്ട്)

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 23.03.2010-ൽ
ചോദ്യം നമ്പർ : 462 മറുപടിയ്ക്കു്

## "ദേവസ്വം ബോർഡുകളുടെ നവീകരണം"

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. വിശ്വൻ<br>ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ. വി.ശശികുമാർ: | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>ബഹുമാനപ്പെട്ട ദേവസ്വവും, പ്രിന്റിംഗും<br>സ്റ്റേഷനറിയും വകുപ്പു മന്ത്രി. |
| (എ) ദേവസ്വം ബോർഡുകളുടെ നവീകരണത്തിന് ജസ്റ്റീസ് പരിപൂർണ്ണൻ കമ്മീഷൻ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; | (എ) ജസ്റ്റിസ് പരിപൂർണ്ണൻ കമ്മിഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഈ നിർദ്ദേശങ്ങളിൽ ഏതെല്ലാം സർക്കാർ അംഗീകരിച്ചിട്ടുണ്ട്; | (ബി) ജസ്റ്റിസ് പരിപൂർണ്ണൻ കമ്മിഷൻ റിപ്പോർട്ട് ബഹു.ഹൈക്കോടതി മുമ്പാകെയാണ് സമർപ്പിച്ചിട്ടുള്ളത്. കമ്മീഷൻ റിപ്പോർട്ടിൻമേൽ ബഹു.ഹൈക്കോടതി സർക്കാരിന്റെ അഭിപ്രായമാരായുകയും കമ്മീഷന്റെ കണ്ടെത്തലുകളും ശുപാർശകളും അംഗീകരിക്കുന്നതായി സർക്കാരിന്റെ അനുകൂലാഭിപ്രായം ബഹു.ഹൈക്കോടതിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) ഹൈക്കോടതിയുടെ അംഗീകാരത്തോടെ ഈ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) ബഹു.ഹൈക്കോടതിയിൽ നിന്നും കമ്മീഷന്റെ നിർദ്ദേശങ്ങളിന്മേൽ അന്തിമവിധിന്യായം ഉണ്ടായിട്ടില്ല. ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ദേവസ്വം ബോർഡുകളുടെ നവീകരണത്തിനായി അടുത്ത വർഷത്തേയ്ക്ക് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (ഡി) | ദേവസ്വം ബോർഡുകളുടെ നവീകരണത്തിനു വേണ്ടി പ്രത്യേകമായി സർക്കാർ തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനും വേണ്ടി വാർഷിക ഗ്രാന്റായി ഒരു കോടി രൂപയും മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തങ്ങൾക്കായി പതിനാറു കോടി അമ്പതു ലക്ഷം രൂപയും 2010-2011 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

Sulabhakumari

**സെക്ഷൻ ഓഫീസർ**

Annexure ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. **463** **23.03.2010**-ൽ മറുപടിയ്ക്ക്

### വിവരാവകാശ കമ്മീഷൻെറ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. കുഞ്ഞിരാമൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി ) |
| (എ) വിവരാവകാശ കമ്മീഷൻെറ പ്രവർത്തനം സിവിൽ സർവീസ് രംഗത്തെ അഴിമതി കുറയ്ക്കുന്നതിനും ഭരണ നടപടികളിലെ സുതാര്യത ഉറപ്പു വരുത്തുന്നതിനും പ്രയോജനപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) ഇക്കാര്യം പ്രത്യേകമായി പരിശോധിച്ചിട്ടില്ല. |
| (ബി) വിവരാവകാശ നിയമ പ്രകാരം വിവരങ്ങൾ ലഭിക്കുന്നതിന് അനുഭവപ്പെടുന്ന കാലതാമസം ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) 2005-ലെ വിവരാവകാശ നിയമത്തിൽ തന്നെ വിവരങ്ങൾ നൽകുന്നതിന് കൃത്യമായ സമയ പരിധി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത സമയപരിധി പാലിക്കാതെ കാലതാമസം വരുത്തിയാൽ ഉചിതമായ നടപടി സ്വീകരിക്കുവാനുള്ള അധികാരം വിവരാവകാശ കമ്മീഷനിൽ നിക്ഷിപ്തമാണ്. |
| (സി) യഥാസമയം വിവരാവകാശ നിയമ പ്രകാരമുള്ള വിവരങ്ങൾ നൽകുന്നതിന് വീഴ്ച വരുത്തിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ കമ്മീഷൻ പിഴ ചുമത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (സി) വിവരാവകാശ നിയമ പ്രകാരം യഥാസമയം വിവരം നൽകുന്നതിന് വീഴ്ച വരുത്തിയ 159 ഉദ്യോഗസ്ഥർക്കെതിരെ കമ്മീഷൻ പിഴ ചുമത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 464

23/03/2010 - ൽ
മറുപടിക്ക്

## രണ്ടു രൂപയ്ക്ക് ലഭ്യമാക്കുന്ന അരി

ചോദ്യം

ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ടി.എൻ. പ്രതാപൻ :
ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :

എ) 2010-2011 -ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യമന്ത്രി പ്രഖ്യാപിച്ച പ്രകാരം രണ്ടു രൂപക്ക് കൊടുക്കുന്ന അരി കേന്ദ്ര ഗവൺമെന്റ് റേഷൻ വിതരണത്തിന് നൽകുന്ന അരിക്ക് പുറമെയാണോ ; ആണെങ്കിൽ രണ്ടു രൂപാ വിലയ്ക്ക് റേഷനരിക്ക് പുറമെ എത്ര കിലോ അരി പ്രതിമാസം നൽകും ; പ്രസ്തുത അരി നൽകുന്നത് ഏതെല്ലാം വിതരണ കേന്ദ്രങ്ങൾ വഴിയാണെന്നറിയിക്കുമോ ;

ബി) കേന്ദ്ര സർക്കാർ അന്നയോജന, അന്ത്യയോജന, ബി.പി.എൽ. എന്നീ പദ്ധതികൾ പ്രകാരം നൽകുന്ന അരിയുടെ വില എത്ര വീതമാണ് ; പ്രസ്തുത വിലയ്ക്ക് കേന്ദ്രം അരി നൽകുന്നത് എത്ര രൂപയുടെ സബ്സിഡിയോടു കൂടിയാണ് എന്ന് പറയുമോ ;

ഉത്തരം

ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി)

(എ) 2010-2011 -ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹു. ധനകാര്യമന്ത്രി പ്രഖ്യാപിച്ച രണ്ടു രൂപക്കു നൽകുന്ന അരി പൊതു വിതരണത്തിനായി കേന്ദ്ര സർക്കാർ നൽകുന്ന റേഷനരി തന്നെയാണ്. ബി.പി.എൽ., എ.എ.വൈ. വിഭാഗങ്ങൾക്കും എ.പി.എൽ. വിഭാഗത്തിൽപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി, ആശ്രയ കുടുംബങ്ങൾക്കുമാണ് നിലവിൽ രണ്ടു രൂപ നിരക്കിൽ അരി വിതരണം നടത്തി വരുന്നത്.

(ബി) അന്ത്യോദയ, അന്നയോജന പദ്ധതി പ്രകാരമുള്ള അരി ക്വിന്റലിന് 300 രൂപയും ബി.പി.എൽ പദ്ധതി പ്രകാരമുള്ള അരി ക്വിന്റലിന് 565 രൂപയുമാണ് വില. ഈ വിലയ്ക്ക് പുറമേ വാറ്റും (നികുതി) കൂടി ചേർത്ത് അന്ത്യോദയ, അന്നയോജന അരി ഒരു ക്വിന്റലിന് 303രൂപയും ബി.പി.എൽ. അരി 570.665 രൂപയും എഫ്.സി.ഐ. ഈടാക്കുന്നു. കേന്ദ്രം നൽകുന്ന സബ്സിഡിയുടെ വിവരം സംസ്ഥാന സർക്കാരിൽ ലഭ്യമല്ല. എന്നാൽ ഈ അരിയ്ക്ക് കമ്മീഷൻ ഉൾപ്പെടെ കിലോഗ്രാമിന് യഥാക്രമം 1/- രൂപയും 4.20 രൂപയും സബ്സിഡി നൽകിക്കൊണ്ട്, 2/- രൂപയ്ക്കാണ് സംസ്ഥാനം വിതരണം ചെയ്തു വരുന്നത്.

(സി) മുകളിൽ പറഞ്ഞ പദ്ധതികൾ പ്രകാരമുള്ള അരിയാണ് ധനകാര്യ മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ പ്രകാരം രണ്ടു രൂപയ്ക്ക് നൽകുന്നതെങ്കിൽ ഒരു കിലോ അരിക്ക് സംസ്ഥാനം എത്ര രൂപ സബ്സിഡി നൽകേണ്ടി വരും ; എ.പി.എൽ. വിഭാഗത്തിൽപ്പെടുന്നവർക്കും രണ്ട് രൂപയ്ക്ക് അരി ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് പറയുമോ ?

(സി) ബി.പി.എൽ വിഭാഗത്തിന് കിലോഗ്രാമിന് കമ്മീഷൻ ഉൾപ്പെടെ 6.20 രൂപ നിരക്കിൽ ലഭിക്കുന്ന അരിയ്ക്ക് 4.20 രൂപയും എ.എ.വൈ. വിഭാഗത്തിന് കിലോഗ്രാമിന് 3.00 രൂപാ നിരക്കിൽ ലഭിക്കുന്ന അരിയ്ക്ക് 1.00 രൂപയും സബ്സിഡി നൽകി കിലോഗ്രാമിന് 2/- രൂപ നിരക്കിലാണ് സംസ്ഥാനം വിതരണം ചെയ്തു വരുന്നത്. കൂടാതെ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി, ആശ്രയ കുടുംബങ്ങൾക്കും കിലോഗ്രാമിന് 6.90 രൂപ സബ്സിഡി നൽകി രണ്ടു രൂപ നിരക്കിൽ അരി വിതരണം ചെയ്തു വരുന്നു. എ.പി.എൽ., ബി.പി.എൽ വ്യത്യാസമില്ലാതെ കർഷക, കയർ, കശുവണ്ടി, കൈത്തറി, ബീഡി, പനമ്പ്, ഈറ്റ, ഖാദി തൊഴിലാളികൾക്കും ചെറുകിട തോട്ടങ്ങളിലെ കൂലിവേലക്കാർക്കും ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ 50 ദിവസമെങ്കിലും പണിയെടുത്തിട്ടുള്ള എല്ലാ തൊഴിലാളികൾക്കും ജൂൺ മാസം മുതൽ കിലോഗ്രാമിന് 2/- രൂപ നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുമെന്ന് 2010-2011-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹു. ധനകാര്യ വകുപ്പു മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. 35 ലക്ഷം ഗുണഭോക്താക്കളെയാണ് ഇതു വഴി ലക്ഷ്യമിട്ടിട്ടുള്ളത്. എ.പി.എൽ വിഭാഗത്തിലെ മറ്റാളുകൾക്ക് 2/- രൂപ നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന പദ്ധതി ഇപ്പോൾ സർക്കാരിൻെറ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.465 | 23.3.2010- ൽ മറുപടിയ്ക്ക്

## മൃഗങ്ങളുടെ ആരോഗ്യപരിപാലനത്തിനുള്ള സംവിധാനങ്ങൾ

ചോദ്യം

ശ്രീ.കെ.കെ. ജയചന്ദ്രൻ:
ശ്രീ. വി.ചെന്താമരാക്ഷൻ:
ശ്രീ.എ.സി. മൊയ്തീൻ:
ശ്രീ.എം.എം. മോനായി:
ശ്രീ. മുരളി പെരുനെല്ലി:

ഉത്തരം

ശ്രീ.സി. ദിവാകരൻ
( ബഹു.ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി)

(എ) മൃഗങ്ങളുടെ ആരോഗ്യപരിപാലനത്തിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(എ) സംസ്ഥാനത്തെ മൃഗങ്ങളുടെ ആരോഗ്യപരിപാലനത്തിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) സംസ്ഥാനത്ത് മൃഗാശുപത്രികൾ ഇല്ലാതിരുന്ന 7 പഞ്ചായത്തുകളിൽ കൂടി മൃഗാശുപത്രികൾ അനുവദിക്കുകവഴി എല്ലാപഞ്ചായത്തുകളിലും മൃഗചികിത്സാ സംവിധാനം ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

2) മൃഗാശുപത്രികൾക്ക് ആവശ്യമായ ഔഷധങ്ങൾ വാങ്ങി വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

3) മൃഗചികിത്സാ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും രോഗനിർണ്ണയ സാങ്കേതിക സംവിധാനങ്ങളും ആധുനികവൽക്കരിക്കുകയുണ്ടായി.
ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളിൽ ലബോറട്ടറി സംവിധാനം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കി. തിരുവനന്തപുരം,പാലക്കാട്, കണ്ണൂർ, എറണാകുളം, കോഴിക്കോട്, ഇടുക്കി എന്നീ

ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളിൽ വീഡിയോ എൻഡോസ്കോപ്പുകളും, കോഴിക്കോട്, തിരുവനന്തപുരം, ഇടുക്കി ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളിൽ അൾട്രാ സൗണ്ട് സ്കാനറുകളും വാങ്ങി ലഭ്യമാക്കുകയുണ്ടായി.

4) മൃഗാശുപത്രികൾക്ക് ആധുനിക കെട്ടിട സൗകര്യങ്ങൾ ഒരുക്കുന്നതിനായി 500 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

5) സംസ്ഥാനത്തെ കന്നുകാലികൾക്കും വളർത്തു പക്ഷികൾക്കും ഉണ്ടാകുന്ന രോഗങ്ങൾക്കെതിരെ പ്രതിരോധ ശക്തി നൽകുന്ന വാക്സിനുകളുടെ ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിനായി പാലോട് വെറ്ററിനറി ബയോളജിക്കൽസിൻെറ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചു.

6) സംസ്ഥാനത്തെ കന്നുകാലികളിലെ അകിടുവീക്കരോഗം തടയുന്നതിന് അകിടുവീക്ക രോഗ നിയന്ത്രണ കിറ്റുകളും ആന്റി ബയോട്ടിക് സെൻസിറ്റിവിറ്റി കിറ്റുകളും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുകയുണ്ടായി.

7) കുളമ്പുരോഗത്തിനെതിരെ പ്രതിരോധകുത്തിവയ്പ്പ് നൽകുന്ന ഒരു സമഗ്ര പദ്ധതി നടപ്പിലാക്കുകയുണ്ടായി. കഴിഞ്ഞ നാലു വർഷങ്ങളായി ശരാശരി 20 ലക്ഷം കന്നുകാലികൾക്ക് വീതം ടി പ്രതിരോധ കുത്തിവയ്പ്പ് നൽകിയിട്ടുണ്ട്..

8) ആന്ത്രാക്സ് , കുരലടപ്പൻ തുടങ്ങിയ സാംക്രമിക രോഗങ്ങൾക്കെതിരെ പ്രതിരോധ ശക്തി നൽകുന്ന വാക്സിനേഷനുകൾ 'അസ്കാഡ് ' പദ്ധതി പ്രകാരം നടത്തുകയുണ്ടായി.

9) രണ്ടു ലക്ഷം കന്നുകുട്ടികൾക്ക്

പരാദരോഗത്തിനെതിരെയുള്ള വിരമ രുന്നുകൾ സൗജന്യമായി ലഭ്യമാക്കി.

10) സങ്കര വർഗ്ഗ കന്നുകുട്ടികൾക്ക് സൗജന്യനിരക്കിൽ കാലിത്തീറ്റ, വിരമ രുന്നുകൾ, ഇൻഷ്വറൻസ് എന്നിവ ലഭ്യമാക്കി ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനുള്ള കന്നുകുട്ടിപ രിപാലനപദ്ധതി നടപ്പിലാക്കി വരുന്നു. പ്രതിവർഷം ശരാശരി ഇരുപതിനാ യിരം കന്നുകുട്ടികളെ വീതം ആ രീതി യിൽ സംരക്ഷിച്ചു വരുന്നു.

11) മൃഗചികിൽസാ സേവനം കർഷ കരുടെ കൈയെത്തും ദൂരത്ത് എത്തി ക്കുക എന്ന ലക്ഷ്യത്തോടെ ഈ വർഷം ഒരു പഞ്ചായത്തിൽ 10 വീതം ആകെ 10,000 ക്യാമ്പ് ഡിസ് പെൻസറികൾ ഒരു കോടി രൂപ ചെല വഴിച്ച് സംഘടിപ്പിച്ചുവരുന്നു.

12) അഞ്ചോ അതിൽ കൂടുതലോ പശുക്കളുള്ള ഡയറി ഫാമുകൾ വെറ്റ റിനറി ഡോക്ടർമാരുടെ സംഘം സന്ദ ർശിച്ച് പരിശോധന നടത്തി വൈദ്യ സഹായവും സാങ്കേതിക ഉപദേശ ങ്ങളും നൽകുന്ന ഒരുപദ്ധതി ഇക്കൊല്ലം ആരംഭിച്ചിട്ടുണ്ട്..

13) കറവപശുക്കളിലെ വന്ധ്യത ഇല്ലാതാക്കുന്നതിനായി സംസ്ഥാന ത്തുടനീളം വന്ധ്യതാ നിവാരണ ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു. ഇത്തരം ക്യാമ്പുകളിലെ വിദഗ്ദരായ ഡോക്ടർമാർ കന്നുകാലികളെ പരി ശോധിച്ച് ചികിൽസയും ഉപദേശവും നൽകുന്നു.

14) മൃഗാശുപത്രികൾ വഴിയുള്ള ചികിൽസാ സേവനം ഉറപ്പാക്കുന്നതി നായി വെറ്ററിനറിഡോക്ടർമാരുടെ ഒഴിവുകൾ പരമാവധി നികത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | എല്ലാ പഞ്ചായത്തുകളിലും മൃഗാശുപത്രികൾ സ്ഥാപിച്ചിട്ടുണ്ടോ; മൃഗാശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതെല്ലാം എന്നറിയിക്കുമോ; | (ബി) | എല്ലാ പഞ്ചായത്തുകളിലും മൃഗാശുപത്രികൾ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | മൃഗസംരക്ഷണ-സേവന കേന്ദ്രങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും രോഗനിർണ്ണയ സാങ്കേതിക രീതികൾ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) | ഉണ്ട്. മൃഗസംരക്ഷണ-സേവന കേന്ദ്രങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് മൃഗസംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം സംസ്ഥാനത്തും പുറത്തുമുള്ള സ്ഥാപനങ്ങളിൽ നൽകി വരുന്നു. രോഗ നിർണ്ണയ സാങ്കേതിക രീതി മെച്ചപ്പെടുത്തുന്നതിന് മൃഗസംരക്ഷണവകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന ലാബറട്ടറികൾ നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ജില്ലാ വെറ്ററിനറികേന്ദ്രങ്ങൾ നവീകരിക്കുന്നതിനു പുറമേ രോഗനിർണ്ണയ സാങ്കേതിക രീതികൾ ശക്തിപ്പെടുത്തുന്നതിനായി ആധുനിക രോഗനിർണ്ണയ സാങ്കേതിക ഉപകരണങ്ങളായ വീഡിയോ എൻഡോസ്കോപ്പുകളും അൾട്രാ സൗണ്ട് സ്ക്കാനറുകളും വാങ്ങി നൽകിയിട്ടുണ്ട്. |

Omanakumari

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 466 | 23.03.2010 ൽ മറുപടിയ്ക്ക്

'പരിസ്ഥിതി മാനേജ്മെന്റ് ഏജൻസിയുടെ പ്രവർത്തനം'

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഹംസ<br>ശ്രീ.എ.എം.യൂസഫ്<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.എം.ജെ.ജേക്കബ് | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) പരിസ്ഥിതി മാനേജ്മെന്റ് ഏജൻസിയുടെ പ്രവർത്തനം വിശദമാക്കുമോ; | (എ) പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഏജൻസികളെ സഹകരിപ്പിച്ചു കൊണ്ട് പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യുകയും അപഗ്രഥിക്കുകയും സംയോജിപ്പിച്ച് നടപ്പിലാക്കുകയും ചെയ്യുന്നതിന് സംസ്ഥാന പരിസ്ഥിതി വകുപ്പിനെ സഹായിക്കുകയാണ് പരിസ്ഥിതി മാനേജ്മെന്റ് ഏജൻസിയുടെ പ്രധാന പ്രവർത്തനം. |
| (ബി) ഏജൻസി ഈ വർഷം നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) പരിസ്ഥിതി വകുപ്പിനെ ശക്തിപ്പെടുത്തൽ, പരിസ്ഥിതി അവബോധവും വിദ്യാഭ്യാസവും, പരിസ്ഥിതി ഗവേഷണവും വികസനവും, നീർത്തടങ്ങളുടെ ആവാസ പുനഃസ്ഥാപനം, പാരിസ്ഥിതിക ആഘാത പഠനം, വായു-ജല ഗുണനിലവാരം വിലയിരുത്തൽ എന്നീ പദ്ധതികളുടെ നടത്തിപ്പ് പ്രവർത്തനങ്ങളാണ് പരിസ്ഥിതി മാനേജ്മെന്റ് ഏജൻസി ഈ വർഷം ഏറ്റെടുത്തിട്ടുള്ളത്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ജലവിഭവവിനിയോഗ കേന്ദ്രം, ഹൈദരാബാദിലുള്ള നാഷണൽ ജിയോഫിസിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് , കേരള കാർഷിക സർവ്വകലാശാല, സംസ്ഥാന ശാസ്ത്ര സാങ്കേതിക -പരിസ്ഥിതി കൗൺസിൽ, ശുചിത്വ മിഷൻ എന്നിവയുടെയും ജലവിഭവ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, കൃഷി വകുപ്പ്, വിദ്യാ |

ഭ്യാസ വകുപ്പ് എന്നിവയുടെയും പങ്കാളിത്തത്തോടെ ഈ പ്രവർത്തനങ്ങൾ ഏജൻസി നടപ്പിലാക്കി വരുന്നു.

(സി) നദികളിലെയും കായലുകളിലെയും ജലഗുണനിലവാരം സംബന്ധിച്ച് ഏജൻസിയുടെ നേതൃത്വത്തിൽ ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ചേർത്തല അരൂർ ഇടക്കൊച്ചി തീരദേശ മേഖലയിലെ സീഫുഡ് സംസ്കരണശാലകളുടെ സമീപസ്ഥലങ്ങളിലെ ഉപരിതല ഭൂജല ഗുണനിലവാര നിർണയം കേരള സർവ്വകലാശാല ജന്തുശാസ്ത്ര വകുപ്പ് മുഖേനയുള്ള ' സീഫുഡ് സംസ്കരണവുമായി ബന്ധപ്പെട്ടുള്ള പരിസ്ഥിതി ശോഷണവും പരിസ്ഥിതി പരിപാലനവും' എന്ന ഗവേഷണ പദ്ധതിയിലൂടെ ഏജൻസി ഏറ്റെടുത്തിട്ടുണ്ട്.

(ഡി) തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ പ്രധാന നദികളുടെ സംരക്ഷണത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽവിശദമാക്കുമോ;

(ഡി) ഇല്ല.

(ഇ) പരിസ്ഥിതി ആഘാതം വിലയിരുത്തുന്നതിനായുള്ള പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) പരിസ്ഥിതി മാനേജ്മെന്റ് ഏജൻസി, പരിസ്ഥിതി വകുപ്പ്, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഓരോ മേഖലയിലും ആവശ്യമായ പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനും അതിന് നൂതന മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും ഇപ്പോൾ തന്നെ സംവിധാനങ്ങളുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 467 — 23.03.10-ൽ മറുപടിക്ക്

### റേഷൻ കാർഡുകളുടെ എണ്ണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ:<br>" എൻ. അനിരുദ്ധൻ:<br>" കെ. രാജു:<br>" എ.കെ. ചന്ദ്രൻ:<br>" വി.എസ്. സുനിൽ കുമാർ: | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ എത്ര റേഷൻ കടകൾ (എ.ആർ.ഡി) പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) കേരളത്തിൽ നിലവിൽ 14242 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഒരു റേഷൻ കടയിൽ കുറഞ്ഞത് എത്ര കാർഡുകൾ ഉണ്ടാകണം എന്നും എത്ര കാർഡുകൾവരെ ആകാമെന്നും നിബന്ധന ഉണ്ടോ; | (ബി) നിലവിലുള്ള ഒരു റേഷൻ കടയിൽ കുറഞ്ഞത് ഇത്ര കാർഡുകൾ ഉണ്ടാകണമെന്ന് നിബന്ധനയില്ല. എന്നാൽ പുതുതായി റേഷൻ കടകൾ അനുവദിക്കുമ്പോൾ ഒരു കട ലാഭകരമായി പ്രവർത്തിക്കുന്നതിന് കുറഞ്ഞത് 400 കാർഡെങ്കിലും ഉണ്ടാകണമെന്ന് നിഷ്കർഷിക്കാറുണ്ട്. പരമാവധി കാർഡുകളുടെ എണ്ണം എത്രവരെയാകാമെന്ന് നിബന്ധനയില്ല. |
| (സി) ഏതെങ്കിലും റേഷൻ കടയിൽ ആയിരത്തിൽ കൂടുതൽ കാർഡുകൾ ഉള്ളതായും തന്മൂലം കാർഡ് ഉടമകൾ പലവിധ ബുദ്ധിമുട്ടുകൾ നേരിടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ആയിരത്തിൽ കൂടുതൽ കാർഡുകൾ ഉള്ള റേഷൻ കടയിലെ കാർഡുടമകൾക്ക് ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ഒരു റേഷൻ കടയിൽ പരമാവധി രജിസ്റ്റർ ചെയ്യാവുന്ന കാർഡുകളുടെ എണ്ണം 500 ആയി നിജപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; | (ഡി) പരിശോധിക്കുന്നതാണ്. |

| | | |
|---|---|---|
| (ഇ) | കൂടുതൽ റേഷൻ കാർഡുടമകൾ ഉള്ള സ്ഥലങ്ങളിൽ പുതുതായി റേഷൻ കടകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഇ) കൂടുതൽ റേഷൻ കാർഡുടമകൾ ഉള്ള സ്ഥലങ്ങളിൽ പുതിയ ഒരു റേഷൻ കട അനുവദിക്കണമെന്ന പൊതു ജനങ്ങളുടെയോ, ജനപ്രതിനിധി കളുടേയോ നിവേദനം ലഭിച്ചാൽ വേണ്ട അന്വേഷണം നടത്തി ആവശ്യമെന്നു കണ്ടാൽ റേഷൻ കട അനുവദിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 468

23-3-2010-ൽ മറുപടിയ്ക്ക്

## വെബ്സൈറ്റ് പരിഷ്ക്കരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ചാണ്ടി:<br>ശ്രീ.കെ.ബി.ഗണേഷ്കുമാർ:<br>ശ്രീ.കെ.കെ.ഷാജു: | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സർക്കാരിന്റെ മിക്ക വെബ്സൈറ്റുകളും ദീർഘകാലമായി പരിഷ്ക്കരിക്കാത്തവയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സർക്കാരിന്റെ മിക്ക വെബ്സൈറ്റുകളും ദീർഘകാലമായി പരിഷ്ക്കരിക്കപ്പെടാതിരിക്കുന്നുണ്ട്. കാരണം ഒട്ടുമിക്കവാറുമുള്ള സൈറ്റുകളൊക്കെ HTML ഫോർമാറ്റിൽ ചെയ്തിട്ടുള്ളവയാണ്. സൈറ്റ് പ്രകാശനം ചെയ്യുമ്പോൾ നല്കിയിട്ടുള്ള വിവരങ്ങൾ സമയാസമയങ്ങളിൽ അപ്ഡേറ്റ് ചെയ്യാൻ ഈ തരത്തിൽ രൂപപ്പെടുത്തിയിട്ടുള്ള സൈറ്റുകളിൽ ബുദ്ധിമുട്ടാണ്. സാങ്കേതിക പരിജ്ഞാനം ഉള്ളവർക്കു മാത്രമേ ഇത്തരത്തിൽ ചെയ്തിട്ടുള്ള സൈറ്റുകളിൽ അപ്ഡേഷൻ നടത്താൻ കഴിയുകയുള്ളൂ. വിവിധ വകുപ്പുകളിൽ മാറിക്കൊണ്ടിരിക്കുന്ന വിവരങ്ങൾ യഥാസമയം സർവ്വീസ് പ്രൊവൈഡേഴ്സിന് നല്കാതിരിക്കുന്നതിനാലും സൈറ്റ് മെയിന്റനൻസിൽ സർവ്വീസ് പ്രൊവൈഡേഴ്സ് കാട്ടുന്ന അനാസ്ഥയും ഇതിന് കാരണമാകുന്നു. |
| (ബി) എങ്കിൽ അവ അടിയന്തിരമായി പരിഷ്ക്കരിക്കുന്നതിന് എന്ത് നടപടികൾ ആണ് കൈക്കൊള്ളുവാൻ പോകുന്നത്; | (ബി) ഈ പ്രശ്നം പരിഹരിക്കുന്നതിന് കൂടുതൽ ലളിതമായ രീതിയിൽ ചെയ്തിട്ടുള്ള കണ്ടന്റ് മാനേജ്മെന്റ് ഫ്രെയിംവർക്കിലേക്ക് (CMF) മിക്ക സൈറ്റുകളും മാറ്റിക്കൊണ്ടിരിക്കുകയാണ്. CMF-ൽ ചെയ്തിട്ടുള്ള സൈറ്റുകൾ അപ്ഡേറ്റ് ചെയ്യാൻ സാങ്കേതിക വിദഗ്ദ്ധരുടെ സഹായം ആവശ്യമില്ല. ചെറിയ പരിശീലനത്തിലൂടെ ഓരോ വകുപ്പുകളിലും പ്രത്യേക നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തി വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാവുന്നതാണ്. |

| | |
|---|---|
| (സി) വെബ്സൈറ്റ് പരിഷ്ക്കരിക്കുന്നതിൽ കാലതാമസം വരുന്നതിന് ഉത്തരവാദികളായ ജീവനക്കാർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) വെബ്സൈറ്റ് പരിഷ്ക്കരിക്കുന്നതിൽ കാലതാമസം വരുത്തുന്നത് സംബന്ധിച്ച വീഴ്ച അടിയന്തിരമായി പരിഹരിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 469

23.03.10-ൽ മറുപടിക്ക്

### വ്യാജ റേഷൻ കാർഡുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സാജു പോൾ:<br>'' കെ.കെ. ദിവാകരൻ:<br>'' കെ. കുഞ്ഞിരാമൻ:<br>'' ബി. രാഘവൻ:<br>'' വി. ശശികുമാർ: | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വ്യാജ റേഷൻ കാർഡുകൾ റദ്ദാക്കുന്നത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) വ്യാജ റേഷൻ കാർഡുകൾ റദ്ദാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാജ റേഷൻ കാർഡുകൾ കണ്ടെത്തി റദ്ദ് ചെയ്യുന്നത് സംബന്ധിച്ച് 2009 ഒക്ടോബർ മുതൽ കേന്ദ്ര സർക്കാരിലേക്ക് പ്രതിമാസ റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) വ്യാജ റേഷൻ കാർഡുകൾ നിലവിലില്ലായെന്ന് ഉറപ്പ് വരുത്താൻ വകുപ്പിലെ ഫീൽഡ് ഓഫീസർമാർ നിതാന്ത ജാഗ്രത പുലർത്തുന്നുണ്ട്. ഫോട്ടോപതിച്ച് ലാമിനേറ്റ് ചെയ്ത റേഷൻ കാർഡ് വിതരണം ചെയ്തതോടെ വ്യാജ റേഷൻ കാർഡിനുള്ള സാധ്യത തീരെ ഇല്ലാതായിട്ടുണ്ട്. |

. വ്യാജ റേഷൻ കാർഡുകൾ റദ്ദാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എത്ര കാർഡുകൾ 2009-ൽ റദ്ദാക്കിയിട്ടുണ്ട് എന്നറിയിക്കുമോ;

(സി) റേഷൻ കാർഡ് നൽകുന്നതിന് മുൻപ് ആവശ്യമായ അന്വേഷണം നടത്തി വരുന്നുണ്ട്. കൂടാതെ കാർഡുടമയുടെ ഫോട്ടോ എടുത്ത് കാർഡുകൾ നൽകുന്നതുമൂലം വ്യാജ റേഷൻ കാർഡുകളുടെ വിതരണം തടയാൻ കഴിഞ്ഞിട്ടുണ്ട്. റേഷൻ കാർഡ് പുതുക്കലിനു ശേഷം, യഥാർത്ഥ അവകാശികൾ വന്ന് ഏറ്റുവാങ്ങാത്ത കാർഡുകൾ എല്ലാം തന്നെ റദ്ദ് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

2009 വർഷത്തിൽ 15 വ്യാജ റേഷൻ കാർഡുകൾ കണ്ടെത്തി റദ്ദ് ചെയ്തിട്ടുണ്ട്.

(ഡി) റേഷൻ കാർഡുകൾ പുതുക്കുന്നതിന് ആവശ്യമായ സത്യവാങ്മൂലം നൽകാതിരിക്കുകയോ, ഫോട്ടോ എടുക്കുന്നതിന് കാർഡുടമ ഹാജരാകാതിരിക്കുകയോ ചെയ്തതുമൂലം പുതുക്കാൻ കഴിയാത്ത എത്ര കാർഡുകൾ സംസ്ഥാനത്തുണ്ട് എന്നറിയിക്കുമോ;

(ഡി) റേഷൻ കാർഡ് പുതുക്കുന്നതിന് ആവശ്യമായ സത്യവാങ്മൂലം നൽകാതിരിക്കുകയോ, ഫോട്ടോ എടുക്കുന്നതിന് കാർഡ് ഉടമ ഹാജരാകാതിരിക്കുകയോ ചെയ്തതുമൂലം 176313 കാർഡുകൾ പുതുക്കിയിട്ടില്ല.

(ഇ) വ്യാജ റേഷൻ കാർഡുകൾ കണ്ടെത്തുന്നതിനും റദ്ദാക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

(ഇ) വ്യാജ റേഷൻ കാർഡുകൾ കണ്ടെത്തുന്നതിനും റദ്ദാക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തി വരുന്നു.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 470

23-3-2010-ൽ മറുപടിയ്ക്ക്

## പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ.റഹീം:<br>" കെ.വി.അബ്ദുൾ ഖാദർ:<br>" പി.പി.അബ്ദുള്ളക്കുട്ടി:<br>" സി.എം.ദിനേശ്മണി:<br>" മഞ്ഞളാംകുഴി അലി: | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>(1) വകുപ്പിന്റെ നവീകരണത്തിനായി ശുപാർശകൾ സമർപ്പിക്കുന്നതിന് നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ച് വകുപ്പിൽ ഒരു ഇലക്ട്രോണിക് മീഡിയാ ഡിവിഷൻ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.<br><br>(2) ജില്ലാ ഇൻഫർമേഷൻ ഓഫീസുകൾ ആധുനികവത്ക്കരിക്കുന്നതിനു വേണ്ടിയും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ ഏതെല്ലാമാണ്; | (ബി) ജനപഥം, കേരള കോളിങ് (മാസികകൾ), വികസന സമന്വയം, കേരള ഇന്റർഫേസ് (ന്യൂസ് ലെറ്ററുകൾ). |
| (സി) ഇവ ആകർഷകമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) സംസ്ഥാന സർക്കാർ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ, ക്ഷേമ പദ്ധതികൾ, വിവിധ പ്രശ്നങ്ങളിൽ സർക്കാർ കൈക്കൊള്ളുന്ന നയസമീപനം എന്നിവ പ്രതിപാദിക്കുന്ന ലേഖനങ്ങൾക്കും ചിത്രങ്ങൾക്കും പുറമേ |

സംസ്ഥാനത്തിന്റെ ചരിത്രം, കല, സംസ്കാരം, ശാസ്ത്രം, സാഹിത്യം, ഭാഷ, പരിസ്ഥിതി, വാണിജ്യം, വ്യവസായം തുടങ്ങിയ വിഷയങ്ങളിൽ വിദ്യാർത്ഥികൾ, ഗവേഷകർ തുടങ്ങിയ വിഭാഗങ്ങൾക്കു കൂടി താത്പര്യമുളള ലേഖനങ്ങൾ, ഫീച്ചറുകൾ, എന്നിവയും പ്രസിദ്ധീകരിച്ചുവരുന്നു. മൾട്ടി കളറിൽ ഗ്ലേസ്ഡ് ന്യൂസ് പ്രിന്റിൽ ഉന്നത നിലവാരം പുലർത്തുന്ന രീതിയിൽ ആകർഷകമായാണ് ഇവ അച്ചടിച്ചു വിതരണം ചെയ്തുവരുന്നത്.

(ഡി) ഫീൽഡ് പബ്ലിസിറ്റി ആന്റ് എക്സിബിഷൻ വിഭാഗം ഈ വർഷം എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി എന്ന് വെളിപ്പെടുത്തുമോ;

(ഡി) മന്ത്രിസഭയുടെ മൂന്നാം വാർഷികം, ഗാന്ധിജയന്തി വാരാഘോഷം, മലയാള ദിനാഘോഷം എന്നിവയോടനുബന്ധിച്ച് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഫീൽഡ് പബ്ലിസിറ്റി & എക്സിബിഷൻ വിഭാഗം വിവിധ വകുപ്പുകളുമായി യോജിച്ച് വിവിധ പരിപാടികൾ സംഘടിപ്പിച്ചു. കേരളപ്പിറവിയോടനുബന്ധിച്ച് ന്യൂഡെൽഹിയിൽ വിവിധ പരിപാടികളും മലയാള ചലച്ചിത്രോൽസവവും സംഘടിപ്പിച്ചു. സ്വദേശാഭിമാനി രാമകൃഷ്ണപിളളയെ നാടുകടത്തിയതിന്റെ ശതാബ്ദി ആചരണത്തോടനുബന്ധിച്ച് വിവിധ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ന്യൂഡെൽഹിയിൽ റിപ്പബ്ലിക് ദിനാഘോഷത്തോടനുബന്ധിച്ചുളള പരേഡിൽ കേരളാ ഫ്ളോട്ടിൽ കേരളത്തിന്റെ തനത് കലാരൂപമായ പടയണിയും തിറയും അവതരിപ്പിച്ചു. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഫീൽഡ് പബ്ലിസിറ്റി & എക്സിബിഷൻ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഭാരത അന്താരാഷ്ട്ര വ്യാപാരമേളയിൽ കേരള പവലിയൻ സജ്ജീകരിച്ചു. ധാരാളം വ്യാപാരാന്വേഷണങ്ങളും വിതരണ ശൃംഖലകളും പല പ്രദർശകർക്ക് ലഭിച്ചിരുന്നു. കേരളത്തിന്റെ എല്ലാ മേഖലകളിലുമുണ്ടായ നേട്ടങ്ങൾ ചിത്രീകരിച്ച് നിർമ്മിച്ച കേരള പവലിയന് ഏറ്റവും മികച്ച പവലിയനുളള ഒന്നാം സ്ഥാനം ലഭിക്കുകയും ചെയ്തു. ഫീൽഡ് പബ്ലിസിറ്റി & എക്സിബിഷൻ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ ജില്ലകളിൽ പുസ്തകോൽസവവും വിവിധ വിഷയങ്ങളിൽ ഫോട്ടോ പ്രദർശനവും സംഘടിപ്പിച്ചു. വിവിധ സാംസ്കാരിക സംഘടനകളുമായി യോജിച്ച് സാംസ്കാരിക പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

(ഇ) ജില്ലാ ഇൻഫർമേഷൻ ആഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഇ) ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികളെടുത്തിട്ടുണ്ട്. വാഹനം ഇല്ലാതിരുന്ന കൊല്ലം, ആലപ്പുഴ, കോഴിക്കോട് ജില്ലാ ഓഫീസുകൾക്ക് പുതിയ ജീപ്പുകൾ നൽകി. അടുത്ത സാമ്പത്തിക വർഷം ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കൂടുതൽ നടപടികൾ കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : *471 — 23.03.2010 -ൽ മറുപടിയ്ക്ക്

## വനമേഖലയിലെ ഔഷധ സസ്യങ്ങളുടെ സംരക്ഷണം

| ***ചോദ്യം*** | ***ഉത്തരം*** |
|---|---|
| ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. എൻ.അനിരുദ്ധൻ<br>ശ്രീ. എ.കെ.ചന്ദ്രൻ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീമതി. ഇ.എസ്.ബിജി മോൾ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വനമേഖലയിലെ ഔഷധസസ്യങ്ങളെ അവയുടെ തനത് ആവാസ വ്യവസ്ഥയിൽതന്നെ സംരക്ഷിക്കുന്നതിനും സംവർദ്ധനത്തിനും എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) വനമേഖലയിലെ ഔഷധസസ്യങ്ങളെ അവയുടെ തനത് ആവാസവ്യവസ്ഥയിൽതന്നെ സംരക്ഷിക്കുന്നതിനും ഔഷധസസ്യസാന്ദ്രത കൂടുതലുള്ള 9 സ്ഥലങ്ങളിൽ മെഡിസിനൽ പ്ലാന്റ് കൺസർവേഷൻ ഏരിയകളാക്കി 1991 മുതൽ സംരക്ഷണം നൽകി വരുന്നു. ഔഷധസസ്യത്തോട്ട നിർമ്മാണം, ഔഷധ സസ്യവിതരണം എന്നിവ ലക്ഷ്യമിട്ടുകൊണ്ടുള്ള താഴെപ്പറയുന്ന രണ്ട് പദ്ധതികൾ 2008 മുതൽ നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ് സഹായത്തോടെ നടപ്പിലാക്കി വരുന്നു.<br>(1) ഔഷധഗുണമുള്ള വൃക്ഷങ്ങൾ തേക്കു തോട്ടങ്ങളിൽ അടിവിളയായി വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി<br>(2) കേരളത്തിലെ ഔഷധഗുണമുള്ള പ്രധാന വൃക്ഷയിനങ്ങൾ നട്ടുവളർത്തുന്നതിനുള്ള പദ്ധതി<br>സംസ്ഥാനത്തിന്റെ പദ്ധതി ഫണ്ട് ഉപയോഗിച്ച് 'ഔഷധസസ്യകൃഷി വികസിപ്പിക്കൽ' എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. |
| (ബി) ഇതിന്റെ ഭാഗമായി ഏതെല്ലാം ജില്ലകളിൽ ആദിവാസി സംരക്ഷണ സമിതികൾ രൂപീകരിച്ചു; ഈ സമിതികളുടെ ചുമതലകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ; | (ബി) വനസംരക്ഷണ പരിപാലന കാര്യങ്ങൾ വനം വകുപ്പുമായി ചേർന്ന് സംയുക്തമായി നിർവ്വഹിക്കുന്നതിന് സംസ്ഥാനത്ത് ആകെ 412 വനസംരക്ഷണ സമിതികളും, 193 ഇക്കോ-ഡവലപ്മെന്റ് കമ്മിറ്റികളും പ്രവർത്തിച്ചു വരുന്നു. ഇതിൽ 68 വനസംരക്ഷണ സമിതികളിലെ അംഗങ്ങൾ ആദിവാസികൾ മാത്രമാണ്. വനസംരക്ഷണ സമിതികൾ, ഇക്കോ-ഡവലപ്മെന്റ് കമ്മിറ്റികൾ എന്നിവ എല്ലാ വനമേഖലയിലുമുള്ള ഔഷധസസ്യങ്ങളെ തനത് ആവാസവ്യവസ്ഥയിൽ സംരക്ഷിച്ചു വരുന്നു. ഇതു കൂടാതെ വനസംരക്ഷണ സമിതികൾക്ക് താഴെപ്പറയുന്ന ചുമതലകൾ കൂടി ഉണ്ട്. |

- പ്രവർത്തനമേഖലയിലെ വനം കൈയ്യേറ്റം, കാട്ടുതീ, മൃഗവേട്ട തുടങ്ങി പലനിലയിലുമുള്ള വനനശീകരണ പ്രവണതകൾ തടയൽ
- സൂക്ഷമാസൂത്രണരേഖ-വാർഷിക കർമ്മപരിപാടി നടപ്പാക്കൽ
- ഗ്രാമവാസികളെ (അവിടത്തെ പൊതുജനങ്ങളെ) വനസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ചു ബോദ്ധ്യപ്പെടുത്തി ഒരു ജനകീയ പ്രസ്ഥാനമായി വനസംരക്ഷണവും, പ്രകൃതി സംരക്ഷണവും വളർത്തിക്കൊണ്ടുവരൽ, ഇതിനുവേണ്ടി വിവിധ തലങ്ങളിൽ ലക്ഷ്യബോധത്തോടെ പ്രവർത്തിക്കുന്ന വേദികൾക്ക് രൂപം കൊടുത്ത് പ്രവർത്തിപ്പിക്കാം
- പ്രവർത്തനമേഖലയ്ക്കു വെളിയിൽ വരുന്ന വനപ്രദേശത്തിന്റെ സംരക്ഷണം ഉറപ്പാക്കാൻ വനംവകുപ്പിനെ സഹായിക്കൽ
- അടിയന്തിരപ്രാധാന്യമുള്ള മറ്റു വനപ്രവൃത്തികൾ ചുമതലാബോധത്തോടെ ഏറ്റെടുത്തു പൂർത്തീകരിക്കൽ

(സി) ഈ സമിതികളിൽ അംഗങ്ങളായിരിക്കുന്നവർക്ക് എന്തെങ്കിലും സഹായങ്ങൾ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

(സി) വനസംരക്ഷണ സമിതികൾക്ക് ചുമതലപ്പെടുത്തിയ സ്ഥലത്ത് നിന്ന് ലഭ്യമാകുന്ന തടിയേതര വനവിഭവങ്ങൾ ശേഖരിക്കാനുള്ള അവകാശം, സ്വന്തം ആവശ്യങ്ങൾക്കായി കാലിത്തീറ്റ, വിറക് എന്നിവ ശേഖരിക്കാനുള്ള അവകാശം, മുള, ഈറ്റ മുതലായവ സീനിയറേജ് നിരക്കിൽ മൈക്രോപ്ലാൻ അനുസരിച്ച് ലഭിക്കാനുള്ള അവകാശം എന്നിവ ഉണ്ട്. കൂടാതെ വനസംരക്ഷണ സമിതികൾ വച്ചുപിടിപ്പിച്ച തോട്ടങ്ങളിൽ നിന്നും ലഭിക്കുന്ന അറ്റാദായത്തിന്റെ 10%-വും അവർ സംരക്ഷിച്ച വനപ്രദേശത്തു നിന്നും ലഭിയ്ക്കുന്ന മറ്റ് വനവിഭവങ്ങളുടെ അറ്റാദായ ത്തിന്റെ 25%-വും സമിതികൾക്ക് ലഭിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ.**

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 472

23.03.2010–ൽ മറുപടിയ്ക്കു്

### "ദേവസ്വം ബോർഡിൽ തസ്തികകളും ജീവനക്കാരുടെ ശമ്പള പരിഷ്കരണവും"

ചോദ്യം

ശ്രീമതി.പി.അയിഷാപോറ്റി:
ശ്രീ.ടി.പി.കുഞ്ഞുണ്ണി:
ശ്രീ.എം.കെ.പുരുഷോത്തമൻ:
പ്രൊഫ.സി.രവീന്ദ്രനാഥ്:
ശ്രീ.സി.കെ.സദാശിവൻ:

<u>ഉത്തരം</u>

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹുമാനപ്പെട്ട ദേവസ്വവും, പ്രിന്റിംഗും
സ്റ്റേഷനറിയും വകുപ്പു മന്ത്രി.

(എ) ദേവസ്വം ബോർഡുകളിലെ നിയമനങ്ങളിൽ ഏതെല്ലാം തസ്തികകളാണ് പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്;

(എ) 2008 ലെ മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എന്റോവ്മെന്റ് (അമെന്റ്മെന്റ്) ആക്റ്റ് (2008 ലെ 31 –ാം നമ്പർ ആക്റ്റ്) സെക്ഷൻ 8 ഡി പ്രകാരം മലബാർ ദേവസ്വം ബോർഡിലെ കമ്മീഷണർ ഒഴിച്ചുള്ള ഓഫീസർമാരെയും, ജീവനക്കാരെയും പി.എസ്.സി വഴി നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

12.01.2009 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 21/2009/ആർ.ഡി പ്രകാരം ( എസ്.ആർ.ഒ നമ്പർ 20/2009, തീയതി 12.01.2009) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിലെ 33 തസ്തികകളിലെയും, കൊച്ചി ദേവസ്വം ബോർഡിലെ അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിലെ 13 തസ്തികകളിലെയും നിയമനം പി.എസ്.സി മുഖേനയാക്കിക്കൊണ്ടുള്ള ചട്ടം നിലവിൽ വന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലുള്ള റിക്രൂട്ട്മെന്റ് ചട്ടങ്ങൾ തയ്യാറാക്കുന്നതിന് തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഗുരുവായൂർ, കൂടൽ മാണിക്യം ദേവസ്വങ്ങളിലെ നിയമനങ്ങൾ പി.എസ്.സിയ്ക്ക് വിടുന്നതിനുള്ള നിയമഭേദഗതി ബിൽ നിയമസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ദേവസ്വം ബോർഡുകൾ നേരിട്ട് നിയമനം നടത്തുന്ന തസ്തികകൾ ഏതെല്ലാമാണ്; | (ബി) | തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ നിയമനം ബോർഡ് നേരിട്ടാണ് നടത്തുന്നത്.<br>മലബാർ ദേവസ്വം ബോർഡിന്റെ മേൽനോട്ടത്തിലുള്ള ക്ഷേത്രങ്ങളിൽ ക്ഷേത്ര ജീവനക്കാരെ നിയമിക്കുന്നത് അതാത് ക്ഷേത്രങ്ങളിലെ ട്രസ്റ്റി ബോർഡാണ്. പ്രസ്തുത ക്ഷേത്രങ്ങളിലെ ആവശ്യം അനുസരിച്ച് ക്ഷേത്രത്തിലെ വിവിധ അംഗീകൃത തസ്തികകളിൽ ആവശ്യമായ തസ്തികകൾക്ക് മലബാർ ദേവസ്വം ബോർഡ് അംഗീകാരം നൽകി വരികയാണ് ചെയ്യുന്നത്. മലബാർ ദേവസ്വം ബോർഡ് ക്ഷേത്ര ജീവനക്കാരെ നേരിട്ട് നിയമിക്കുന്നില്ല.<br>ഗുരുവായൂർ ദേവസ്വത്തിൽ ക്ഷേത്രം പാരമ്പര്യ ജീവനക്കാർ, അടിയന്തിര പ്രവൃത്തിക്കാർ, മേൽശാന്തി, സോപാനം കാവൽ, കോയ്മ, സെക്യൂരിറ്റി ഓഫീസർമാർ എന്നീ തസ്തികകൾ ഒഴികെയുള്ള തസ്തികകളിലാണ് പി.എസ്.സി മുഖേന നിയമനം നടത്തുന്നതിന് ഭരണ സമിതി തീരുമാനിച്ചിട്ടുള്ളത്.<br>കൂടൽമാണിക്യം ദേവസ്വത്തിൽ ക്ഷേത്ര ജീവനക്കാരെ നിയമിക്കുന്നത് ഭരണസമിതിയാണ്. |
| (സി) | ഇതിനകം പി.എസ്.സി യ്ക്ക് ഏതെല്ലാം തസ്തികകളിലെ എത്ര ഒഴിവുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്; | (സി) | റിക്രൂട്ട്മെന്റ് ചട്ടങ്ങൾ നിലവിൽ വരാത്തതിനാൽ ദേവസ്വം ബോർഡുകളിൽ നിന്നും ഇതുവരെ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ഡി) | ദേവസ്വം ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ഡി) | 2006 ൽ കേരള സർക്കാർ നടപ്പിൽ വരുത്തിയിട്ടുള്ള ശമ്പള പരിഷ്കരണം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അതേ തീയതി മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.<br>കൊച്ചി ദേവസ്വം ബോർഡിൽ എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാർക്ക് സർക്കാർ പ്രഖ്യാപിക്കുന്ന ശമ്പള പരിഷ്കരണമാണ് നടപ്പിൽ വരുത്തുന്നത്. ക്ഷേത്ര ജീവനക്കാർക്ക് ബോർഡാണ് ശമ്പള പരിഷ്കരണം നടത്തുന്നത്. ക്ഷേത്ര ജീവനക്കാരുടെ ശമ്പളം 2007 ലാണ് അവസാനമായി പരിഷ്കരിച്ചത്.<br>മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്ര ജീവനക്കാർക്ക് 28.02.2009 ലെ ജി.ഒ (എം.എസ്) നം.116/2009/ആർ.ഡി ഉത്തരവു പ്രകാരവും എക്സിക്യൂട്ടീവ് ആഫീസർമാർക്ക് 04.02.2010 ലെ ജി.ഒ (പി) നം.41/2010/ആർ.ഡി ഉത്തരവ് പ്രകാരവും 01.03.2009 മുതൽ പ്രാബല്യത്തിൽ ശമ്പള പരിഷ്കരണം നടപ്പാക്കിയിട്ടുണ്ട്. |

ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വങ്ങളിൽ സർക്കാർ നടപ്പാക്കുന്ന ശമ്പള പരിഷ്കരണമാണ് ബാധകമാക്കിയിട്ടുള്ളത്. 2006 ലെ ശമ്പള പരിഷ്കരണം ഈ ദേവസ്വങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഇ) | ക്ഷേത്ര കലാകാരന്മാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ഇ) | മലബാറിലെ സ്വകാര്യ ക്ഷേത്രങ്ങളിലെയും കാവുകളിലെയും ആചാരസ്ഥാനികർ, കോലധാരികൾ, കോമരം/വെളിച്ചപ്പാട് തുടങ്ങിയവർക്ക് ധനസഹായം നൽകുന്നതിന് 2010-2011 വർഷത്തെ ബഡ്ജറ്റിൽ ഒരു കോടി രൂപ നിർദ്ദേശിച്ചിട്ടുണ്ട്. ഇതൊഴികെ ക്ഷേത്ര കലാകാരന്മാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ദേവസ്വം വകുപ്പ് നേരിട്ട് നടപടികൾ ഒന്നും സ്വീകരിക്കുന്നില്ല. ക്ഷേത്രകലാകാരന്മാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ദേവസ്വം ബോർഡുകൾക്ക് നിർദ്ദേശം നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

Sulatha [signature]

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 473

23.03.2010ൽ മറുപടിക്ക്

## ക്ലൗഡ് കമ്പ്യൂട്ടിംഗ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ<br>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി | | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) | |
| (എ) | കമ്പ്യൂട്ടർ ശൃംഖലാ സാങ്കേതിക വിദ്യയിലെ നൂതന-ആശയമായ ക്ലൗഡ് കമ്പ്യൂട്ടിംഗ് കേരളത്തിൽ നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാന ഐ.ടി. വകുപ്പിന്റെ കീഴിലുള്ള ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ് (IIITM-K) എന്ന സ്ഥാപനത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; | (ബി) | ഗവേഷണ രംഗത്തും സാങ്കേതിക വികസനത്തിനും പ്രയോജനകരമായ പദ്ധതിയാണിത്. വിവിധ ആവശ്യങ്ങൾക്കായുള്ള അനേകം കമ്പ്യൂട്ടറുകൾ ഒരു ശൃംഖലയിൽ ചേർക്കുകയും ഓരോ ആവശ്യത്തിനും ആനുപാതികമായി കമ്പ്യൂട്ടിംഗ് പവർ ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണിത്. ചില പ്രത്യേക ആവശ്യത്തിനായി സ്ഥാപിച്ചിരിക്കുന്ന കമ്പ്യൂട്ടറുകളുടെ മുഴുവൻ സമയ പ്രവർത്തനം ആവശ്യമുണ്ടാകില്ല. കമ്പ്യൂട്ടർ ശൃംഖല രൂപീകരിച്ചാൽ പ്രവർത്തനം ആവശ്യമില്ലാത്ത സന്ദർഭങ്ങളിൽ ഇവയുടെ കമ്പ്യൂട്ടിംഗ് പവർ മറ്റു പല ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ കഴിയും എന്നതാണ് ഈ സംവിധാനത്തിന്റെ പ്രത്യേകത. എല്ലാ ഉപഭോക്താക്കളും ഈ സംവിധാനം ഉപയോഗിക്കുക ഇന്റർനെറ്റ് വഴിയായിരിക്കും. |
| (സി) | ക്ലൗഡ് കമ്പ്യൂട്ടിംഗ് എന്ന ആശയം നടപ്പാക്കുന്നതിലൂടെ സർക്കാർ വകുപ്പുകളുടെ പ്രവർത്തന-സേവനങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; | (സി) | ഈ സംവിധാനം നടപ്പിലാക്കുന്നതിലൂടെ സോഫ്റ്റ് വെയറുകൾ വെബ് അധിഷ്ഠിതമായിരിക്കുകയും ഹാർഡ്‌വെയറിനുവേണ്ടി ചെലവാകുന്ന തുകയിൽ കുറവുണ്ടാകുകയും ചെയ്യും. സർക്കാരിന്റെ പ്രധാന ഇ-ഗവേണൻസ് പദ്ധതികളായ SPARK, IDEAS, MESSAGE, പരീക്ഷാഫലങ്ങൾ, പൊതുപ്രവേശന കൗൺസിലിംഗ് എന്നിവ ദ്രുതഗതിയിലാക്കാൻ ഈ പദ്ധതി പ്രയോജന പ്രദമാണ്. പൊതുവെ സർക്കാർ തലത്തിലുള്ള സോഫ്റ്റ്‌വെയർ സേവനങ്ങൾക്കും ഡേറ്റാ സെന്ററിനും ഈ പദ്ധതി ഫലപ്രദമാണ്. |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതി ആരുടെയെല്ലാം സഹായത്തോടെയാണ് നടപ്പാക്കുന്നത്; ഇതിനായി എന്തു തുക സർക്കാർ നീക്കിവച്ചിട്ടുണ്ട്; | (ഡി) | ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെൻറ് (IIITMK) യും സി-ഡാക്കും (ചെന്നൈ) സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. 2009-10 വർഷത്തേക്ക് 17.7 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്ത് ഈ പദ്ധതി എന്നത്തേക്ക് നടപ്പാക്കാനാകും; ഇതിന് ആരെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ? | (ഇ) | പരീക്ഷണാടിസ്ഥാനത്തിലുള്ള പ്രവർത്തനത്തിന്റെ വിശകലനത്തിനുശേഷമേ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനു വേണ്ടി വരുന്ന കാലപരിധി കണക്കാക്കാൻ കഴിയുകയുള്ളൂ. കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ, IIITMK, C-DAC എന്നീ സ്ഥാപനങ്ങളെയാണ് ഇപ്പോൾ ചുമതലപ്പെടുത്തിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 474 | 23.3.2010-ൽ മറുപടിക്ക്

കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.പി.ടി.എ.റഹീം<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.ആർ.സെൽവരാജ് | | ശ്രീ.സി.ദിവാകരൻ(ബഹു:ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) | കേരളാ സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) | കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അടച്ചുപൂട്ടിയിരുന്ന കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡിംഗ് ഫാം നവീകരിച്ച് ഹൈടെക് ഫാമാക്കി. ഈ ഫാമിൽ ബയോഗ്യാസ് സംസ്ക്കരണ പ്ളാന്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിച്ചു 127 വിളക്കുകൾ തെളിയിച്ചു വരുന്നു. കോർപ്പറേഷന്റെ ഫാമിൽ നിന്നുള്ള ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളും തീറ്റയും കർഷകർക്ക് നൽകി വളർത്തിയതിനു ശേഷം തിരികെയെടുത്ത് 'കെപ്കോ ചിക്കൻ' എന്ന പേരിൽ വിപണിയിലിറക്കി. മാരിനേറ്റഡ് ചിക്കൻ, ചിക്കൻസോസേജ്, ബോൺലെസ് ചിക്കൻ , ചിക്കൻ കട്ലറ്റ് തുടങ്ങിയ ഉല്പന്നങ്ങൾ വിപണിയിൽ ടെസ്റ്റ് ലോഞ്ചിംഗ് നടത്തി. തൃശ്ശൂർ ജില്ലയിലെ മാളയിൽ ഒരു ഹൈടെക് കോഴിവളർത്തൽ കേന്ദ്രം ആരംഭിച്ചു. തിരുവനന്തപുരത്ത് പേട്ടയിൽ പൗൾട്രി കോംപ്ളെക്സ്, റെസ്റ്റോറന്റ്, ന്യായവില വെറ്ററിനറി മെഡിക്കൽ ഷോപ്പ്, ടെക്നിക്കൽ സർവ്വീസ് സെന്റർ എന്നിവ പ്രവർത്തിക്കാനുള്ള നടപടികൾ ആരംഭിച്ചു. പേട്ടയിൽ 25 ടൺ ശേഷിയുള്ള വാക്ക് ഇൻ ഫ്രീസർ, കൊട്ടിയത്ത് കോഴിത്തീറ്റ പ്ളാന്റ്, ഫീഡ് അനലിറ്റിക്കൽ ലാബ് എന്നിവയും നവീനരീതിയിലുള്ള താറാവ് വളർത്തൽ കേന്ദ്രവും ആരംഭിച്ചു. കുടപ്പനക്കുന്നിലും മാളയിലും കൊട്ടിയത്തും പുതിയ ഹാച്ചറികളും സ്ഥാപിച്ചു. |
| ബി) | 'ഗ്രാമം നിറയെ കോഴികൾ' എന്ന പദ്ധതി മൂലം ഉണ്ടായ നേട്ടങ്ങൾ വ്യക്തമാക്കുമോ; | ബി) | 'ഗ്രാമം നിറയെ കോഴികൾ' എന്ന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തിരഞ്ഞെടുക്കപ്പെട്ട 20 പഞ്ചായത്തുകളിൽ 19 എണ്ണത്തിലും ഈ പദ്ധതി നടപ്പിലാക്കി. |

ഇതുവഴി 95,000 മുട്ടക്കോഴികളെ വിതരണം ചെയ്തു കഴിഞ്ഞു. കൂടാതെ 1,42,500 കിലോ കോഴിത്തീറ്റയും വിതരണം ചെയ്തു. ഈ പദ്ധതി വഴി സംസ്ഥാനത്ത് ഏകദേശം 2.3 കോടി മുട്ടയും 02 ലക്ഷം കിലോ ഇറച്ചിയുടേയും വാർഷിക ഉല്പാദനം പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തിരഞ്ഞെടുക്കപ്പെട്ട 24 പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കാൻ തുടങ്ങുന്നു. ഇതുവഴി ഏകദേശം 1,20,000 കോഴികളെയും 2,40,000 കിലോ കോഴിത്തീറ്റയും വിതരണം ചെയ്യും. തന്മൂലം ഏകദേശം 2.8 കോടി കോഴിമുട്ടയുടെയും , 2.4 ലക്ഷം കിലോ ഇറച്ചിയുടേയും വാർഷിക ഉല്പാദനം കണക്കാക്കുന്നു.

സി) പിന്നാമ്പുറത്തെ കോഴിവളർത്തൽ പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

സി) അടുക്കളമുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്റ്റെപ്പ്-1 & 2, സ്വർണ്ണജയന്തി സ്വരോസ്ഗാർ യോജന, -തൃശ്ശൂർ, എറണാകുളം, കൊല്ലം ജില്ലകളിൽ പൗൾട്രി വില്ലേജ് പദ്ധതി, ഗ്രാമം നിറയെ കോഴികൾ, വീട്ടമ്മയുടെ അരുമക്കോഴികൾ, വിദർഭ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഡി) ഇറച്ചിക്കോഴി ഉല്പാദനത്തിൽ പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

ഡി) ഇറച്ചിക്കോഴി ഉല്പാദനം 2006-2007 -ലെ 16184 ടണ്ണിൽ നിന്നും 2007-2008ൽ 17,390 ടണ്ണായി വർദ്ധിച്ചു.2008-09 ൽ ഉല്പാദനം 19268 ടണ്ണായി വർദ്ധിക്കുകയുണ്ടായി അതായത് ഈ മേഖലയിൽ മുൻ വർഷത്തെക്കാൾ 10.8% വളർച്ച ഉണ്ടായിട്ടുണ്ട്.

ഇ) കുറഞ്ഞ നിരക്കിൽ കോഴിത്തീറ്റ വിതരണം ചെയ്യുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ?

ഇ) കുറഞ്ഞ നിരക്കിൽ കോഴിത്തീറ്റ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ഒന്നും കോർപ്പറേഷനിൽ ഇപ്പോൾ നിലവിലില്ല. കോർപ്പറേഷന്റെ കീഴിൽ 16 ടൺ തീറ്റ ഉല്പാദിപ്പിക്കാൻ ശേഷിയുള്ള കോഴിത്തീറ്റ പ്ളാന്റ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കുടപ്പനക്കുന്നിൽ മറ്റൊരു തീറ്റ നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിനുവേണ്ടുന്ന നടപടികൾ സ്വീകരിച്ചു വ്യവസായികാടിസ്ഥാനത്തിൽ ഉല്പാദനം നടത്തി വിപണി വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് നൽകാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 475 — 23-03-2010 ൽ മറുപടിക്ക്

## തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനം

| ചോദ്യം: | ഉത്തരം : |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. ജോസഫ് എം.പുതുശ്ശേരി<br>ശ്രീ.തോമസ് ചാഴിക്കാടൻ | ശ്രീ. വി.എസ് അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ). തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസന പ്രവർത്തനങ്ങൾ ഏതുഘട്ടം വരെയായി; എന്ന് ഇതു പൂർണ്ണ തോതിൽ പ്രവർത്തനസജ്ജമാകും; | (എ). വിമാനത്താവള വികസന പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ഈ മാസം അവസാനത്തോടെ ചാക്ക ഭാഗത്തായി നിർമ്മിച്ചുവരുന്ന പുതിയ രാജ്യാന്തര ടേർമിനൽ പ്രവർത്തന സജ്ജമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പുതിയ ടേർമിനലിലേക്ക് എൻ. എച്ച് ബൈപാസ് റോഡിൽ നിന്നും നിർമ്മിക്കുന്ന അനുബന്ധ റോഡിന്റേയും ചാക്ക കനാലിനു മുകളിലൂടെയുള്ള പാലത്തിന്റെ പണിയും ഈ മാസം അവസാനത്തോടെ പൂർത്തീകരിക്കുന്നതാണ്. |
| (ബി). നിലവിൽ ഏതൊക്കെ വിമാനകമ്പനികൾ, ഏതൊക്കെ രാജ്യങ്ങളിലേക്ക് ഇവിടെനിന്നും സർവ്വീസ് നടത്തുന്നുവെന്നു വിശദമാക്കുമോ ; | (ബി). വിശദാംശങ്ങൾ അനുബന്ധം 'എ' യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി). എല്ലാതരത്തിലുമുള്ള വിമാനങ്ങൾക്കും നിർദ്ദിഷ്ട വികസിത വിമാനത്താവളം ഉപയുക്തമാണോ; വിശദമാക്കുമോ ; | (സി). എല്ലാ തരത്തിലുള്ള വിമാനങ്ങൾക്കും (എ 380 ഒഴികെ) ഇറങ്ങാൻ ശേഷിയുള്ള റൺവേയാണ് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഉള്ളത്. |
| (ഡി). വികസനത്തോടെ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് തിരുവനന്തപുരം വിമാനത്താവളത്തിൽ സജ്ജമാകുന്നതെന്ന് | (ഡി). നാഷണൽ ഹൈവേയിൽ നിന്നും പുതിയ ടേർമിനലിലേയ്ക്കുള്ള അനുബന്ധ റോഡും ചാക്ക കനാലിനു |

വ്യക്തമാക്കുമോ ?

മുകളിലൂടെയുള്ള പാലവും വികസനത്തിന്റെ ഭാഗമായി നിർമ്മിക്കുന്നുണ്ട്. സിറ്റിയിൽ നിന്നും എളുപ്പത്തിൽ എത്താനുള്ള മാർഗ്ഗം, കൂടുതൽ യാത്രക്കാരെ ഉൾക്കൊള്ളിക്കാനുള്ള പാസഞ്ചർ ഏരിയ, ചെക്കിംഗിനുള്ള ആധുനിക സൗകര്യങ്ങൾ, ബാഗേജുകളുടെ സുഗമമായ എത്തിച്ചേരൽ, യാത്രക്കാർക്ക് വിമാനത്തിൽ കയറുവാനും ഇറങ്ങുവാനുമുള്ള സൗകര്യങ്ങൾ, സെൻട്രൽ എയർ കണ്ടീഷനിംഗ്, ലിഫ്റ്റുകൾ, എസ്കലേറ്ററുകൾ എന്നീ സൗകര്യങ്ങളുടെ വർദ്ധിപ്പിക്കലും സജ്ജമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ് -

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ *476

23-03-2010-ൽ
മറുപടിക്ക്

ബ്രഹ്മോസ് രണ്ടാംഘട്ട പദ്ധതിക്ക് സ്ഥലം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>" പി.സി. വിഷ്ണുനാഥ്:<br>" കെ. ബാബു: | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ബ്രഹ്മോസ് രണ്ടാംഘട്ട പദ്ധതിക്ക് ആവശ്യമായി വരുന്നത് എത്ര ഏക്കർ സ്ഥലമാണ് ; | (എ) ഏകദേശം 6 മുതൽ 8 ഏക്കർ വരെ സ്ഥലം ആവശ്യമാണ്. |
| (ബി) ബ്രഹ്മോസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തോട് ചേർന്നുള്ള സ്ഥലം ഏറ്റെടുത്ത് നൽകാമെന്ന് ഗവൺമെന്റ് സമ്മതിച്ചിരുന്നുവോ ; എങ്കിൽ അതിന് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകണമെന്ന് ബ്രഹ്മോസ് അധികാരികൾ എത്ര തവണ ആവശ്യപ്പെടുകയുണ്ടായി ; വിശദാംശം ലഭ്യമാക്കുമോ ;<br><br>(സി) പ്രസ്തുത സ്ഥലം ഏറ്റെടുത്തു കൊടുക്കുന്നതിൽ താമസം വരാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ; | (ബി) സമ്മതിച്ചിരുന്നു. ബ്രഹ്മോസ് അധികാരികളും ബന്ധപ്പെട്ട ഗവൺമെന്റ് അധികാരികളുമായി സെക്രട്ടറി തലത്തിലും മന്ത്രി തലത്തിലും മുഖ്യമന്ത്രി തലത്തിലും പലവട്ടം ചർച്ചകൾ നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ബ്രഹ്മോസിന്റെ സ്ഥലത്തിന് സമീപത്തായുള്ള ഇൻഡ്യൻ എയർഫോഴ്സിന്റെ സ്ഥലം ബ്രഹ്മോസിന് നൽകാനും അതിനുപകരമായി മറ്റൊരു സ്ഥലം എയർഫോഴ്സിന് നൽകാനുമുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു.<br><br>(സി) ബ്രഹ്മോസിനു സമീപമുള്ള സ്ഥലം ഇപ്പോൾ ഇൻഡ്യൻ എയർഫോഴ്സിന്റെ കൈവശമാണ്. അവർക്ക് മാറുന്നതിനുള്ള സ്ഥലം ലഭിച്ചാൽ മാത്രമേ ആ സ്ഥലം ഒഴിഞ്ഞുകിട്ടുകയുള്ളൂ. സർക്കാർ ഇതിലേക്കായി മറ്റൊരു സ്ഥലം കണ്ടെത്തി ഇൻഡ്യൻ എയർ ഫോഴ്സ് അധികൃതർക്ക് നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. |

| | |
|---|---|
| (ഡി) ബ്രഹ്മോസ് രണ്ടാംഘട്ടത്തിന്റെ പ്രവർത്തനത്തിനായി തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമീപം തുറന്ന ഓഫീസ് പ്രവർത്തനം അവസാനി പ്പിച്ചോ ;<br><br>(ഇ) ഈ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്ത് ; സംസ്ഥാനത്തിന് ഈ സ്ഥാപനം നഷ്ടപ്പെടുമോ ; എങ്കിൽ അതിന്റെ കാരണം എന്ത് ? | (ഡി) അവസാനിപ്പിച്ചു.<br><br>(ഇ) ബ്രഹ്മോസിന്റെ പ്രവർത്തനം ഇപ്പോൾ നല്ല രീതിയിലാണ്. വികസന പ്രവർത്തനത്തിനായി ഡി.ആർ.ഡി.ഒ. (Defence Research and Development Organization) 50 കോടി രൂപ നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടവികസനത്തിനായി ഇതിന്റെ സമീപത്തായുള്ള ഇൻഡ്യൻ എയർഫോഴ്സി ന്റെ സ്ഥലം ബ്രഹ്മോസിന് കൈമാറുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊണ്ടു വരികയാണ്.<br><br>സെക്ഷൻ ഓഫീസർ. |

പന്ത്രണ്ടാം കേരളനിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ 477**

**23.03.2010 - ൽ മറുപടിയ്ക്ക്**

**സുരക്ഷാ ഭവന നിർമ്മാണ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.പി. കുഞ്ഞുണ്ണി :<br>ശ്രീ. എ.എം.ആരിഫ് :<br>ശ്രീ.ബാബു എം.പാലിശ്ശേരി :<br>ശ്രീ. എം.ഹംസ :<br>ശ്രീ.കെ.ടി.ജലീൽ : | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ഭവന നിർമ്മാണ വകുപ്പ് നടപ്പാക്കുന്ന സുരക്ഷാ ഭവന നിർമ്മാണ പദ്ധതിയുടെ പ്രവർത്തനം വിശദമാക്കുമോ; | (എ) ദുർബ്ബല വിഭാഗത്തിൽപ്പെട്ട, കുറഞ്ഞത് 2 സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള, വീടില്ലാത്ത പാവപ്പെട്ടവർക്ക് സന്നദ്ധ സംഘടനകൾ/കാരുണ്യവാന്മാരും ദാനശീലരുമായ വ്യക്തികൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹായത്തോടെ വീടു നിർമ്മിച്ചു നല്കുന്ന പദ്ധതിയാണ് സുരക്ഷാ ഭവന പദ്ധതി. 30 മുതൽ 50 വരെ ച.മീറ്റർ തറ വിസ്തീർണ്ണമുള്ള വീടിന്റെ നിർമ്മാണ ചെലവ് 1,00,000/- രൂപയായാണ് കണക്കാക്കിയിരിക്കുന്നത്. ഈ പദ്ധതി പ്രകാരം വീടിന്റെ നിർമ്മാണം സ്പോൺസറുടെ സഹായത്തോടെ കൂരമട്ടമാകുമ്പോൾ ഗുണഭോക്താവിന് 25,000/- രൂപ സർക്കാർ സബ്സിഡിയായി ഭവന നിർമ്മാണ ബോർഡ് മുഖേന നല്കുന്നു. |
| (ബി) ഭവന നിർമ്മാണത്തിനുള്ള സഹായം ഈ സർക്കാർ വർദ്ധിപ്പിച്ചു നല്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) ഉണ്ട്.<br>സുരക്ഷാ ഭവന പദ്ധതിക്ക് 9,000/- രൂപയായിരുന്നു സർക്കാർ സബ്സിഡി. ഈ നിരക്ക് കുറവായതിനാൽ വേണ്ടത്ര അപേക്ഷകർ ഉണ്ടായിരുന്നില്ല. അതിനാൽ 6.11.07 ലെ ഉത്തരവു പ്രകാരം സർക്കാർ സബ്സിഡി 25,000/- രൂപയാക്കി വർദ്ധിപ്പിച്ചു. |

| | | | |
|---|---|---|---|
| (സി) | സുരക്ഷാ ഭവന പദ്ധതി പ്രകാരം ഇതിനകം എത്ര വീടുകൾ നിർമ്മിച്ചു നല്കിയിട്ടുണ്ട്; | (സി) | 28.02.10 വരെ 2501 വീടുകൾ നിർമ്മിച്ചു നല്കിയിട്ടുണ്ട്. |
| (ഡി) | സുരക്ഷാ ഭവന പദ്ധതിയിൽ വീട് ലഭിക്കുന്നതിനുള്ള നടപടി ക്രമം വിശദമാക്കുമോ; | (ഡി) | സുരക്ഷാ ഭവന പദ്ധതി പ്രകാരം സ്പോൺസർ മുഖേനയാണ് വീടിനായി ഭവന നിർമ്മാണ ബോർഡിൽ അപേക്ഷ നല്കേണ്ടത്. വീടുകൾ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടന രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത സംഘടന കളായിരിക്കണം. സുരക്ഷാ ഭവന പദ്ധതി പ്രകാരം വീടുകൾ സ്പോൺസർ ചെയ്യാനാഗ്ര ഹിക്കുന്നവർ അവരെ സംബന്ധിച്ച വിവരങ്ങ ളും സ്പോൺസർ ചെയ്യാനുദ്ദേശിക്കുന്ന വീടുക ളുടെ എണ്ണവും (പഞ്ചായത്ത് തിരിച്ച്) കാണി ച്ചുകൊണ്ടുള്ള അപേക്ഷ ഭവന നിർമ്മാണ ബോർഡിന്റെ ബന്ധപ്പെട്ട ജില്ലാ ഓഫീസുക ളിൽ സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അപേക്ഷ പരി ശോധിച്ച് ശുപാർശ ചെയ്തറിയിക്കുന്ന മുറയ്ക്ക് ബോർഡ് ഓരോ സംഘടനയ്ക്കും സർക്കാർ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് വീടുകളുടെ എണ്ണം നിശ്ചയിച്ച് വീടു നിർമ്മാണം ആരംഭി ക്കുവാൻ അറിയിപ്പു നല്കുന്നു. ബോർഡി ന്റെയും സന്നദ്ധ സംഘടന/സ്പോൺസറു ടെയും പഞ്ചായത്തിന്റെയും ഓരോ പ്രതിനിധി കൾ അടങ്ങിയ ഒരു കമ്മിറ്റിയാണ് ഗുണഭോ ക്താക്കളെ തെരഞ്ഞെടുക്കുന്നത്. |
| (ഇ) | സുരക്ഷാ ഭവന പദ്ധതിയിലേക്ക് സന്നദ്ധ സംഘടനകളുടെയും മറ്റ് ഏജൻസികളുടെയും ശ്രദ്ധ ആകർഷിക്കുന്നതിന് ആവശ്യ മായ പ്രചാരണം നടത്തുമോ? | (ഇ) | കാലാകാലങ്ങളിൽ ഭവന നിർമ്മാണ ബോർഡ് സുരക്ഷാ ഭവന പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിവിധ പത്ര മാധ്യമങ്ങൾ വഴി പ്രചാരണം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: * 478

23.3.2010 - ൽ മറുപടിയ്ക്ക്

## കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് തുടർഫണ്ട് ലഭിക്കുന്ന സാഹചര്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ: തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. കെ.ബാബു<br>ശ്രീ. പി.സി. വിഷ്ണുനാഥ് | | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) | |
| എ) | ഈ ഗവൺമെൻറ് നിലവിൽ വന്നശേഷം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രോഗ്രസ് റിപ്പോർട്ടും അതിന് ചെലവഴിച്ച തുകയുടെ വിവരവും കേന്ദ്രത്തിന് നൽകാത്തതുകൊണ്ട് തുടർന്ന് ലഭിക്കേണ്ട ഫണ്ട് കിട്ടാതിരുന്ന എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; | എ) | കേന്ദ്രത്തിൽ നിന്ന് ഫണ്ട് ലഭിച്ച് ചിലവാക്കേണ്ട പദ്ധതികൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.<br>1) കേന്ദ്രാവിഷ്കൃത പദ്ധതികൾ<br>2) കേന്ദ്രം രൂപം കൊടുക്കുകയും സംസ്ഥാനങ്ങൾ ആവശ്യപ്പെടുന്നത് അനുസരിച്ച് ഫണ്ട് ലഭിക്കുന്നത് (ഡിമാൻറ് ഡ്രിവൺ)<br>3. മറ്റ് കേന്ദ്ര സഹായ പദ്ധതികൾ<br>4. വിദേശ സഹായ പദ്ധതികൾക്കുള്ള കേന്ദ്ര സഹായം. |
| ബി) | ഏതെല്ലാം പദ്ധതിയുടെ കാര്യത്തിലാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്; | ബി) | 1. ആർ.കെ.വി.വൈ - കൃഷി വകുപ്പ്<br>2. ഡി.ഐ.ഇ.റ്റി - ഐ.സി.റ്റി @ സ്ക്കൂൾ - പൊതുവിദ്യാഭ്യാസം<br>3. ആരോഗ്യ വകുപ്പിൻെറ പദ്ധതികൾ<br>4. തദ്ദേശ സ്വയംഭരണ വകുപ്പിൻെറ പദ്ധതികൾ<br>5. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്<br>6. അനർട്ട് - ഊർജ്ജ വകുപ്പ്<br>7. ദേശീയപാത - പി.ഡബ്ളിയു.ഡി<br>8. ദുരന്ത നിവാരണ പദ്ധതി, പ്രകൃതിക്ഷോഭ നിവാരണ നിധി (സി.ആർ.എഫ്)<br>9. മറ്റ് വിവിധ വകുപ്പുകൾ. |

| | | | |
|---|---|---|---|
| സി) | ഈ ഗവൺമെൻറ് നിലവിൽ വന്ന ശേഷം സംസ്ഥാനം കേന്ദ്രാവിഷ്കൃത പദ്ധതിക്കു വേണ്ടി ചെലവഴിച്ച തുകയിൽ എത്ര തുകയാണ് 31.12.2009 - ലെ കണക്കനുസരിച്ച് തിരിച്ചു കിട്ടാനുള്ളതെന്ന് പറയുമോ? | സി) | (എ) പിരിവിൻെറ മറുപടിയിൽ വിശദീകരിച്ചിട്ടുള്ള നാല് ഇനം കേന്ദ്ര സഹായത്തിനുമായി നിലവിലുള്ള താല്ക്കാലിക കണക്കനുസരിച്ച് 917.97 കോടി രൂപ (4.11.2009 - ലെ കണക്ക്) കേന്ദ്രത്തിൽ നിന്ന് ലഭിക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: * 479 — 23.3.2010 - ൽ മറുപടിയ്ക്ക്

കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിക്കുന്ന കാലപരിധി
ദീർഘിപ്പിക്കുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ: എ.പി.അനിൽ കുമാർ<br>ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ<br>ശ്രീ. വർക്കല കഹാർ | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിക്കപ്പെട്ട ഫണ്ടുകൾ നിശ്ചിത സമയത്തിനുള്ളിൽ ചെലവഴിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) അത്തരം പദ്ധതികളെ സംബന്ധിച്ച കാലപരിധി ദീർഘിപ്പിച്ചു തരണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ; | ബി) ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) എങ്കിൽ ഏതെല്ലാം പദ്ധതികളുടെ കാലപരിധിയാണ് ദീർഘിപ്പിക്കുവാൻ ആവശ്യപ്പെട്ടത് എന്ന് വെളിപ്പെടുത്തുമോ? | സി) വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 480 23.03.2010 ൽ മറുപടിക്ക്

### <u>കാവേരി നദീജലതർക്കം പരിഹരിക്കാൻ നടപടി</u>

<u>ചോദ്യം</u> | <u>ഉത്തരം</u>

ശ്രീ. എ. കെ. ശശീന്ദ്രൻ | ശ്രീ. വി.എസ്. അച്യുതാനന്ദൻ (മുഖ്യമന്ത്രി)

| | | |
|---|---|---|
| (എ) | കാവേരി നദീജല തർക്ക ട്രൈബ്യൂണലിന്റെ വിധി വന്ന് മൂന്ന് വർഷം കഴിഞ്ഞിട്ടും കേരളത്തിനുള്ള ജലവിഹിതം നൽകാതെ തമിഴ്നാടും കർണ്ണാടകയും ജലം പങ്ക്വയ്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) ഉണ്ട്. തമിഴ്നാടും കർണ്ണാടകയും പോണ്ടിച്ചേരിയും ജലം പങ്ക് വയ്ക്കുന്നത് 25/06/1991 -ൽ കാവേരി ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൻ പ്രകാരമാണ്. ഇടക്കാല ഉത്തരവിൽ കേരളത്തിന് വിഹിതമില്ല. |
| (ബി) | ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | 2007, ഫെബ്രുവരി 5ന് പുറപ്പെടുവിച്ച ട്രൈബ്യൂണലിന്റെ അന്തിമവിധിയിൽ, കേരളം 99.8 Tmc ജലം ആവശ്യപ്പെട്ടിരുന്നുവെങ്കിലും 30 Tmc ജലം മാത്രമെ അനുവദിച്ചിട്ടുള്ളൂ. ആവശ്യപ്പെട്ടത്രയും ജലം ലഭിക്കാത്തതിനാൽ സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷനും ട്രൈബ്യൂണലിൽ ആപ്ളിക്കേഷനും 30/04/2007 -ൽ ഫയൽ ചെയ്തിട്ടുണ്ട്.<br><br>സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള സ്പെഷ്യൽ ലീവ് പെറ്റീഷനിൽ നേരത്തെ വാദം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ അഡ്വക്കേറ്റ് ജനറലിനും സുപ്രീംകോടതിയിലെ കേരള സ്റ്റാൻഡിംഗ് കൗൺസലിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | ട്രൈബ്യൂണൽ വിധിപ്രകാരം വെള്ളം ഉപയോഗിക്കാനുള്ള പദ്ധതി നടപ്പിലാക്കാത്തതാണ് കേരളത്തിന് തിരിച്ചടി-യായതെന്ന് ബോദ്ധ്യപ്പെട്ടി-ട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കു ന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) കാവേരി ബേസിനിൽ കേരളം വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തു ന്നതിനായി കല്പറ്റ ആസ്ഥാനമാക്കി കാവേരി സർക്കിൾ പ്രവർത്തനം ആരംഭിച്ചു.<br><br>കേരളം കാവേരി ബേസിനിൽ 9 പദ്ധതി കൾ കേന്ദ്രാനുമതിയ്ക്കായി സമർപ്പിച്ചി രുന്നു എങ്കിലും കാരാപ്പുഴ പദ്ധതിക്കു മാത്രമെ കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളു.<br><br>കബനി ബേസിനിൽ കാരാപ്പുഴ, ബാണാസുര സാഗർ എന്നീ ജലസേചന പദ്ധതികളുടെ പ്രവൃത്തികൾ നടന്നു വരുന്നു. ബാണാസുര സാഗർ വിവിധോദ്ദേശ പദ്ധതിയുടെ ഡാമിന്റെയും ടണലിന്റെയും പണികൾ KSEB പൂർത്തികരിക്കുകയും 5 Tmc ജലം കുറ്റ്യാടി ബേസിനിലേയ്ക്ക് തിരിച്ചു വിടുകയും ചെയ്യുന്നുണ്ട്.<br><br>ഭവാനി ബേസിനിലെ അറളി, തുടുക്കി, പാന്തൻതോട് എന്നീ ജലസേചന പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ നടന്നു വരുന്നു.<br><br>ആദിവാസി സമൂഹത്തിന് ദോഷം വരാത്ത വിധത്തിൽ അട്ടപ്പാടി പദ്ധതി പുനരുദ്ധരിക്കുന്ന കാര്യം പരിശോധിക്കു ന്നതിനായി NEERI മുഖാന്തിരം പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പാമ്പാർ സബ്ബേസിനിലെ തലയാർ, ചെങ്കല്ലാർ പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ട് അനുമതിയ്ക്കായി കേന്ദ്ര ഗവൺമെന്റിന് അയച്ചിട്ടുണ്ട്.<br><br>കബനി ബേസിനിലെ പദ്ധതികൾ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനാ വശ്യമായ വിവരങ്ങൾ സാറ്റലൈറ്റ് ഇമേജറി ആന്റ് റിമോട്ട് സെൻസിംഗ് സങ്കേതമുപയോ ഗിച്ച് ശേഖരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ |